യൂണിറ്റ് II

# സാംസ്കാരിക നരവംശശാസ്ത്ര സിദ്ധാന്തങ്ങൾ

F1N7B9

## പ്രധാന പഠനനേട്ടങ്ങൾ

ഈ യൂണിറ്റിലൂടെ പഠിതാവിന് :

- സാംസ്കാരികപരിണാമവുമായി ബന്ധപ്പെട്ട വിവിധ സിദ്ധാന്തങ്ങളുടെ ധാരണകളും ആശയങ്ങളും തിരിച്ചറിയാനും പരിണാമവാദത്തിലെ വ്യത്യസ്ത ചിന്താസരണികൾ താരതമ്യം ചെയ്യാനും വർഗീകരിക്കാനും സാധിക്കുന്നു.
- സാംസ്കാരിക വ്യാപനവാദത്തിലെ സിദ്ധാന്തങ്ങളുമായി ബന്ധപ്പെട്ട ധാരണകളും ആശയങ്ങളും തിരിച്ചറിയാനും വ്യാപനവാദത്തിലെ വ്യത്യസ്ത ചിന്താസരണികൾ വർഗീകരിക്കാനും സാംസ്കാരികവികസനത്തിന്റെ അനുവൃത്ത വക്രരീതി ചിത്രീകരിക്കാനും സാധിക്കുന്നു.
- മലിനോവ്സ്കി നിർദേശിച്ച ധർമ്മവാദത്തിന്റെ പ്രായോഗികത സമർഥിക്കാനും ആവശ്യ സിദ്ധാന്തം വിശകലനം ചെയ്യാനും വിവിധ തലങ്ങളിലുള്ള ആവശ്യങ്ങൾ വേർതിരിച്ചറിയാനും കഴിയുന്നു.
- ഘടനാധർമ്മവാദം, ഘടനാവാദം എന്നിവയുടെ അടിസ്ഥാനാശയങ്ങൾ വേർതിരിച്ചറിയാൻ സാധിക്കുന്നു.
- സംസ്കാരവും വ്യക്തിത്വവും തമ്മിലുള്ള പരസ്പരബന്ധം വിശകലനം ചെയ്യാനും വ്യക്തിത്വരൂപീകരണത്തിലും വികാസത്തിലും സംസ്കാരത്തിന്റെ പങ്ക് അവലോകനം ചെയ്യാനും കഴിയുന്നു.

## ഉള്ളടക്കം


**സാംസ്കാരിക പരിണാമവാദം**

- **ക്ലാസിക്കൽ പരിണാമവാദം:**

  ബ്രിട്ടീഷ് ക്ലാസിക്കൽ പരിണാമവാദം
  അമേരിക്കൻ ക്ലാസിക്കൽ പരിണാമവാദം
  ജർമൻ ക്ലാസിക്കൽ പരിണാമവാദം

- **നവ പരിണാമവാദം:**
  ബ്രിട്ടീഷ് നവ പരിണാമവാദം അമേരിക്കൻ നവ പരിണാമവാദം

- **സാംസ്കാരികപരിണാമത്തിന്റെ ഇനങ്ങൾ**

  ഏകരേഖീയപരിണാമം
  ബഹുരേഖീയപരിണാമം
  സാർവത്രികപരിണാമം

**സാംസ്കാരിക വ്യാപനവാദം**


- ബ്രിട്ടീഷ് വ്യാപനവാദം
- ജർമൻ വ്യാപനവാദം
- അമേരിക്കൻ വ്യാപനവാദം

**ധർമ്മവാദം**

**ഘടനാധർമ്മവാദം**

**ഘടനാവാദം**

**സംസ്കാര വ്യക്തിത്വ ചിന്താസരണി**



*ഇന്ത്യയിലും ബാബിലോണിയയിലും പൂജ്യം കണ്ടുപിടിച്ചത് ഒരേ സമയത്താണെന്ന് നിങ്ങൾക്കറിയാമോ? ശാസ്ത്രമേഖലയിൽ ഒരേതരത്തിലുള്ള കണ്ടുപിടിത്തങ്ങൾ സാധാരണമാണ്. 1922-ൽ വില്യം ഓഗ്ബേണും ഡൊറോത്തി തോമസും അത്തരത്തിലുള്ള ആയിരത്തിനാൽപ്പത്തെട്ട് പ്രധാന കണ്ടുപിടിത്തങ്ങളുടെ ലിസ്റ്റ് തയാറാക്കിയിട്ടുണ്ട്. www.newyorker.com മാഗസിൻ 12.05.2008 ൽ ഇതു പ്രസിദ്ധീകരിച്ചു. എടുത്തുപറഞ്ഞ അത്തരം ചില കണ്ടുപിടിത്തങ്ങൾ കാണുക:*

- ന്യൂട്ടനും ലൈബ്നീസും കാൽക്കുലസ് കണ്ടുപിടിച്ചു.
- ചാൾസ് ഡാർവിനും ആൽഫ്രഡ് റസ്സൽ വാലസും പരിണാമം കണ്ടെത്തി.
- ചാൾസ് ക്രോസും ലൂയിസ് ഡൂകോസ് ഡുഹൗറോണും ഫ്രാൻസിൽ വെച്ച് ഒരേ സമയം കളർ ഫോട്ടോഗ്രാഫി കണ്ടുപിടിച്ചു
- ആറോളം വ്യക്തികൾ തെർമോമീറ്റർ കണ്ടുപിടിച്ചു.
- ടെലസ്കോപ്പിന്റെ കണ്ടുപിടിത്തത്തിന് ഒൻപതോളം അവകാശവാദക്കാർ ഉണ്ടായിരുന്നു.
- ഇംഗ്ലണ്ടിലെയും അമേരിക്കയിലെയും പല വ്യക്തികൾ ഒരേസമയം ടൈപ്പ് റൈറ്റർ കണ്ടുപിടിച്ചിട്ടുണ്ടായിരുന്നു
- ആവിയന്ത്രത്തിന്റെ കണ്ടുപിടിത്തത്തിന് ഫുൾടൺ, ജോഫ്രോയ്, റംസി, സ്റ്റീവൻസ്, സിമ്മിങ്ടൺ എന്നിവർ അവകാശവാദമുന്നയിച്ചു.

എങ്ങനെയാണിതു സംഭവിക്കുന്നത്? ഇത്തരം പ്രതിഭാസങ്ങളെ നരവംശശാസ്ത്രജ്ഞർ എങ്ങനെയാണ് കാണുന്നത്?

മുൻകാല നരവംശശാസ്ത്രജ്ഞരുടെ കാഴ്ചപ്പാടിൽ. ലോകത്താകമാനമുള്ള മനുഷ്യർ ഒരേ മാനസിക അടിത്തറയും അറിവിന്റെ മേഖലയുമാണ് പങ്കിടുന്നത്. ജർമൻ ആന്ത്രോപോളജിയുടെ പിതാവും ജർമൻ പരിണാമവാദിയുമായ ആഡോൾഫ് ബാസ്റ്റിയനാണ് ഈ സങ്കൽപ്പം ആദ്യമായി അവതരിപ്പിച്ചത്. ഇത് പിന്നീട് ഫ്രാൻസ് ബോസിലേക്കും തുടർന്ന് അവരുടെ ശിഷ്യരിലേക്കും വ്യാപിച്ചു. 19-ാം നൂറ്റാണ്ടിലെ സാംസ്കാരികപരിണാമവാദത്തിന് അടിത്തറപാകിയത് ഈ തത്ത്വമാണ്. പിൽക്കാല നരവംശശാസ്ത്രജ്ഞരായ റാഡ്ക്ലിഫ് ബ്രൗൺ, ജൂലിയൻ സ്റ്റിവാർഡ് തുടങ്ങിയവരെയും 'മനുഷ്യമനസ്സിന്റെ ഒത്തൊരുമ' (Psychic unity of Humankind) എന്ന ആശയം ഏറെ സ്വാധീനിച്ചു. നരവംശശാസ്ത്രത്തിൽ സാംസ്കാരികവ്യാപനവാദത്തിനും (Diffusionism) പിന്നീട് ഇത് അടിത്തറ പാകി. സാംസ്കാരികവ്യാപനവാദപ്രകാരം ഒരു സമൂഹത്തിലോ സ്ഥലത്തോ രൂപപ്പെടുന്ന സാംസ്കാരികഘടകങ്ങൾ മറ്റു സമൂഹങ്ങളിലേക്കും സ്ഥലങ്ങളിലേക്കും

വ്യാപിക്കുന്നു. സാംസ്കാരിക പരിണാമവാദികളും വ്യാപനവാദികളും യഥാക്രമം സ്വതന്ത്രമായ കണ്ടുപിടിത്തം, സംസ്കാരത്തിന്റെ വ്യാപനം എന്നീ ആശയങ്ങളിലാണ് വ്യത്യാസപ്പെട്ടിരിക്കുന്നത്. അതായത് നരവംശശാസ്ത്രജ്ഞരുടെ അന്യസംസ്കാര പഠനങ്ങൾ കാലാന്തരങ്ങളിൽ വ്യത്യസ്ത കാഴ്ചപ്പാടുകളുടെ രൂപീകരണത്തിനു കാരണമായി. ഇത്തരം കാഴ്ചപ്പാടുകളെയാണ് ഇവിടെ പരിശോധിക്കുന്നത്.

മനുഷ്യസമൂഹത്തെയും സംസ്കാരത്തെയും സ്വഭാവത്തെയും മനസ്സിലാക്കുന്നതിന് മുൻകാല നരവംശശാസ്ത്രജ്ഞർ പിന്നിട്ട വഴികളെയാണ് ഈ അധ്യായത്തിൽ അനാവരണം ചെയ്യുന്നത്. ഇത് വിവിധങ്ങളായ നരവംശശാസ്ത്രസിദ്ധാന്തങ്ങൾക്ക് അടിത്തറപാകി. സംസ്കാരത്തെയും സമൂഹത്തെയും മനസ്സിലാക്കുന്നതിന് നരവംശശാസ്ത്രജ്ഞരുടെ വ്യത്യസ്തമായ കാഴ്ചപ്പാടുകൾ ഏതൊക്കെയെന്നു നോക്കാം.

## നരവംശശാസ്ത്രസിദ്ധാന്തം: ഉദ്ഭവവും വികാസവും
## (Origin and Development of Anthropological Theory)

നരവംശശാസ്ത്രത്തിന്റെ രൂപീകരണ കാലഘട്ടത്തിൽ ഗ്രീക്ക് തത്ത്വചിന്തകരുടെ സംഭാവനകൾ നിങ്ങൾ പഠിച്ചിട്ടുണ്ട്. നരവംശശാസ്ത്രചിന്തകളുടെ ഉൽഭവം ആദ്യകാല ഗ്രീക്ക് ചിന്തകരായ ഹെറൊഡോട്ടസ്, അരിസ്റ്റോട്ടിൽ തുടങ്ങിയവരുടെ കാലഘട്ടം മുതലുള്ളതാണ്. എന്നാൽ ജീവശാസ്ത്രപരവും സാംസ്കാരികവുമായ പരിണാമസിദ്ധാന്തങ്ങളിലൂടെ 19-ാം നൂറ്റാണ്ടോടുകൂടിയാണ് ഇതൊരു വിജ്ഞാനശാഖയായി വളർന്നുവന്നത്. നരവംശശാസ്ത്രത്തിന്റെ വളർച്ചയിൽ ചാൾസ് ഡാർവിൻ, ഇ.ബി. ടെയ്‌ലർ, എൽ. എച്ച്. മോർഗൺ എന്നിവരുടെ സംഭാവനകൾ എടുത്തുപറയേണ്ടതാണ്. ഫ്രാൻസ് ബോസ്, ഡബ്ല്യു.എച്ച്.ആർ. റിവേഴ്സ്, മലിനോവ്സ്കി, റാഡ്ക്ലിഫ് ബ്രൗൺ, ലെവി സ്ട്രോസ്, റൂത്ത് ബെനഡിക്ട്, മാർഗരറ്റ് മീഡ് തുടങ്ങിയവരുടെ സംഭാവനകളും പിന്നീട് മനുഷ്യസംസ്കാരത്തെയും സമൂഹത്തെയും മനസ്സിലാക്കുന്നതിൽ നിർണായകമായി. 19-ാം നൂറ്റാണ്ടിൽ വികസിപ്പിച്ച ആദ്യകാലസിദ്ധാന്തങ്ങളെ താഴെ കൊടുത്ത രീതിയിൽ തരംതിരിക്കാം.

- സാംസ്കാരിക പരിണാമവാദം
- സാംസ്കാരിക വ്യാപനവാദം
- ധർമ്മവാദം
- ഘടനാധർമ്മവാദം
- ഘടനാവാദം
- സംസ്കാര- വ്യക്തിത്വ ചിന്താസരണി

## സാംസ്കാരിക പരിണാമവാദം (Cultural Evolutionism)

എന്താണ് പരിണാമം?

ലളിതരൂപത്തിൽനിന്നു സങ്കീർണരൂപത്തിലേക്കുള്ളതും ക്രമേണയുള്ളതുമായ മാറ്റമാണ് ഇതെന്ന് നിങ്ങൾ പഠിച്ചിട്ടുണ്ട്. ഇത് ജൈവമേഖലയിലും സാംസ്കാരികമേഖലയിലും ഒരുപോലെ ബാധകമാണ്. ജൈവപരിണാമത്തിൽ ഒരു ജീവിയുടെ ശാരീരികഘടനയിൽ മാറ്റങ്ങൾ കാണപ്പെടുന്നു. അതുപോലെ സാംസ്കാരികപരിണാമത്തിൽ നമുക്ക് എവിടെയാണ് മാറ്റങ്ങൾ കാണാൻ സാധിക്കുന്നത്?


തീർച്ചയായും സംസ്കാരത്തിന്റെ വ്യത്യസ്ത മേഖലകളായ സാങ്കേതികവിദ്യ, സമ്പദ്വ്യവസ്ഥ, സാമൂഹിക-സ്ഥാപനങ്ങൾ, കല, സാഹിത്യം തുടങ്ങിയവയിൽ അത്തരം മാറ്റങ്ങൾ കാണാനാകും.

സാംസ്കാരികപരിണാമത്തെ കുറിച്ച് നരവംശശാസ്ത്രജ്ഞർക്കിടയിലുള്ള വ്യത്യസ്ത കാഴ്ചപ്പാടുകൾ വ്യത്യസ്ത സാംസ്കാരിക പരിണാമസിദ്ധാന്തങ്ങൾക്ക് നിദാനമായി.

*മനുഷ്യസംസ്കാരത്തിന്റെയോ സാമൂഹിക-സാംസ്കാരിക സ്ഥാപനങ്ങളുടെയോ വ്യത്യസ്തവും തുടർച്ചയുമായ രൂപങ്ങൾ വ്യത്യസ്ത കാലഘട്ടങ്ങളിലൂടെ രൂപംകൊള്ളുന്ന പ്രക്രിയയായി സാംസ്കാരികപരിണാമത്തെ നിർവചിക്കാം.*

സാംസ്കാരികപരിണാമവാദികളുടെ കാഴ്ചപ്പാടുകളും സംഭാവനകളും ക്ലാസിക്കൽ പരിണാമവാദികൾ, നവീനപരിണാമവാദികൾ എന്നിങ്ങനെ രണ്ടായി വർഗീകരിച്ച് ചർച്ചചെയ്യാവുന്നതാണ്. ഇവരെ ബ്രിട്ടീഷ്, അമേരിക്കൻ, ജർമൻ ക്ലാസിക്കൽ പരിണാമവാദികൾ എന്നും ബ്രിട്ടീഷ്, അമേരിക്കൻ നവീനപരിണാമവാദികൾ എന്നും വിഭജിച്ചിരിക്കുന്നു. താഴെ കൊടുത്ത ചാർട്ടിൽ ഇതു ചിത്രീകരിച്ചിരിക്കുന്നു.

ചിത്രം 2.1 പരിണാമവാദികളുടെ വർഗീകരണം




## ക്ലാസിക്കൽ പരിണാമവാദം (Classical Evolutionism)

ഇ.ബി. ടെയ്ലർ, ജെയിംസ് ഫ്രേസർ, ആർ. ആർ. മേരറ്റ്, എൽ. എച്ച്. മോർഗൺ, ജെ.ജെ. ബക്കോഫൺ, അഡോൾഫ് ബാസ്റ്റിയൻ എന്നിവരാണ് ക്ലാസിക്കൽ പരിണാമവാദത്തിന്റെ പ്രധാന വക്താക്കൾ. ഏകരേഖയിലൂടെ ഘട്ടം ഘട്ടമായി ലളിതമായ അവസ്ഥയിൽനിന്നു സങ്കീർണമായ അവസ്ഥയിലേക്ക് പരിണാമം നടക്കുന്നു എന്നു വിശ്വസിക്കുന്നതിനാൽ ഇവർ ഏകരേഖീയപരിണാമവാദികൾ (Unilinear Evolutionists) എന്നറിയപ്പെടുന്നു. ഇവരുടെ അഭിപ്രായത്തിൽ സംസ്കാരം അതിന്റെ ആദ്യഘട്ടമായ കാട്ടാളത്ത

ത്തിൽ നിന്ന് അപരിഷ്കൃതത്തിലേക്കും അവസാനം നാഗരികതയിലേക്കും വികാസം പ്രാപിച്ചു. സാംസ്കാരിക സമാന്തരതകളും (Cultural Parallel) സാംസ്കാരിക സാദൃശ്യങ്ങളും (Cultural Similarities) ഉണ്ടാവുന്നത് മനുഷ്യമനസ്സുകളുടെ ഒത്തൊരുമ (Psychic unity of Humankind) കാരണമാണെന്ന് ഇവർ കരുതുന്നു. ഇതുപ്രകാരം ലോകത്താകമാനമുള്ള മനുഷ്യമനസ്സുകൾ ഒരേ സാഹചര്യങ്ങളിൽ ഒരേ രീതിയിൽ ചിന്തിക്കുകയും പ്രവർത്തിക്കുകയും ചെയ്യുന്നു. ഇങ്ങനെ എല്ലാ ജനങ്ങളും അവരുടെ സമൂഹങ്ങളും ഒരേ വികാസപ്രക്രിയയിലൂടെ കടന്നുപോകുന്നു. മുൻപ് ചൂണ്ടിക്കാട്ടിയ പോലെ ഇന്ത്യക്കാരും ബാബിലോണിയക്കാരും മായൻ സംസ്കാരത്തിലുള്ളവരും ഒരേ കാലഘട്ടത്തിൽ പൂജ്യം കണ്ടുപിടിച്ചത് മനുഷ്യമനസ്സുകളുടെ സമാനതയ്ക്ക് ഒരുദാഹരണമായി കണക്കാക്കാം.



പൂജ്യത്തിന്റെ കണ്ടുപിടിത്തം പോലെ മനുഷ്യമനസ്സുകളുടെ സമാനതയ്ക്ക് തെളിവായി മറ്റ് ഉദാഹരണങ്ങൾ കണ്ടെത്തി ഒരു കുറിപ്പ് തയാറാക്കുക.

സാംസ്കാരികപരിണാമം ലളിതമായ അവസ്ഥയിൽനിന്നു സങ്കീർണമായ അവസ്ഥയിലേക്കുള്ള മാറ്റമാണെന്ന് നാം കണ്ടുകഴിഞ്ഞു. ഏകരേഖീയ പരിണാമവാദികൾ നിർദേശിക്കുന്ന മറ്റു ചില പ്രത്യേകതകൾ കൂടി നോക്കാം.

### ക്ലാസിക്കൽ പരിണാമവാദത്തിന്റെ പ്രത്യേകതകൾ

1. സംസ്കാരം മുഴുവനായോ സാമൂഹിക-സാംസ്കാരികസ്ഥാപനങ്ങളോ പരിണമിക്കുന്നത് ഏകരേഖീയരീതിയിലും ഘട്ടം ഘട്ടമായി കാട്ടാളത്തം, അപരിഷ്കൃതത്വം, നാഗരികത (Savagery, Barbarism, Civilization) എന്ന രീതിയിലുമാണ്.
2. സാംസ്കാരികപരിണാമത്തിന്റെ ഗതി ലളിതമായവയിൽ നിന്നു സങ്കീർണമായവയിലേക്കും സാദൃശ്യമുള്ളവയിൽ നിന്നു ഭിന്നമായവയിലേക്കും അനിശ്ചിതമായവയിൽ നിന്നു നിശ്ചിതമായവയിലേക്കും സജാതീയമായവയിൽനിന്നു വിജാതീയമായവയിലേക്കുമാണ്.
3. ചരിത്രപരമായ രീതിയിലൂടെയും (Historical Method) താരതമ്യരീതിയിലൂടെയും (Comparative Method) പരിണാമത്തിന്റെ വ്യത്യസ്ത ഘട്ടങ്ങൾ സ്ഥാപിക്കാൻ കഴിയും.
4. മനുഷ്യമനസ്സിന്റെ ഒത്തൊരുമയും സമാന്തര കണ്ടുപിടിത്തങ്ങളും സംസ്കാരത്തിലും സംസ്കാരഘടകത്തിലുമുള്ള സാദൃശ്യങ്ങൾക്കു കാരണങ്ങളാണ്.
5. സംസ്കാരത്തിന്റെ ഉയർന്ന ഘട്ടത്തിൽ മുൻഘട്ടങ്ങളിലെ ശേഷിപ്പുകൾകൂടി കണ്ടെത്താൻ കഴിയും. ഇതിനെ സാംസ്കാരിക അതിജീവനം (Cultural Survival) എന്നു വിളിക്കുന്നു. അത്തരം ശേഷിപ്പുകൾ മനുഷ്യസംസ്കാരത്തിന്റെ ആദ്യകാലഘട്ടങ്ങളെ വെളിവാക്കുന്നു.

മുൻപ് സൂചിപ്പിച്ചതു പോലെ ക്ലാസിക്കൽ പരിണാമവാദികളെ ദേശത്തിന്റെ അടിസ്ഥാനത്തിൽ തരംതിരിക്കാവുന്നതാണ്. അവ ഓരോന്നും വിശദമായി പരിശോധിക്കാം.

## ബ്രിട്ടീഷ് ക്ലാസിക്കൽ പരിണാമവാദം: ഇ.ബി. ടെയ്‌ലർ (1832 – 1917)

ഏകരേഖീയ സാംസ്കാരികവളർച്ചയെക്കുറിച്ച് പറയുന്നതിനാൽ ഇ.ബി. ടെയ്‌ലർ ഏകരേഖീയ സാംസ്കാരികവാദി എന്നറിയപ്പെടുന്നു. സംസ്കാരം പരിണമിച്ചത് ഏകരേഖീയരീതിയിലും ഘട്ടം ഘട്ടമായും, ലളിതമായവയിൽനിന്നു സങ്കീർണമായവയിലേക്കുമാണെന്ന് ഏകരേഖീയ പരിണാമവാദം വ്യക്തമാക്കുന്നു. ഇതു പ്രകാരം മനുഷ്യസംസ്കാരം വികസിച്ചത് കാട്ടാളത്തത്തിൽനിന്ന് അപരിഷ്കൃതത്വത്തിലേക്കും തുടർന്ന് നാഗരികതയിലേക്കുമാണ്.

കാട്ടാളത്തം ⟶ അപരിഷ്കൃതത്വം ⟶ നാഗരികത

സംസ്കാരമെന്ന ആശയത്തിന് ടെയ്‌ലർ നൽകിയ സംഭാവന പരിഗണിച്ച് അദ്ദേഹത്തെ ആധുനിക നരവംശശാസ്ത്രത്തിന്റെ പിതാവായി കണക്കാക്കുന്നു. തന്റെ 'പ്രിമിറ്റീവ് കൾച്ചർ' (1871) എന്ന പുസ്തകത്തിൽ അദ്ദേഹം സംസ്കാരത്തിന് മഹത്തായ നിർവചനം നൽകി: "സമൂഹത്തിലെ ഒരംഗമെന്ന നിലയിൽ മനുഷ്യൻ ആർജിച്ചെടുത്ത അറിവ്, വിശ്വാസം, കല, സദാചാരം, നിയമം, ആചാരം എന്നിവയും മറ്റു കഴിവുകളും ശീലങ്ങളും ഉൾപ്പെടുന്ന സങ്കീർണമായ അവസ്ഥയാണ് സംസ്കാരം."



ഇ.ബി.ടെയ്‌ലർ പരിശീലനത്തിലൂടെയല്ല നരവംശശാസ്ത്രജ്ഞനായത്. അദ്ദേഹം സ്വകാര്യമായാണ് വിദ്യാഭ്യാസം നേടിയത്. ബ്രിട്ടീഷ് സർവകലാശാലയിൽ ഉന്നതപദവിയിൽ ഇരുന്ന ആദ്യവ്യക്തിയാണദ്ദേഹം. ഓക്സ്ഫോഡ് സർവ കലാശാലയിൽ ലക്ചററായും റീഡർ ആയും പിന്നീട് പ്രൊഫസറായും അദ്ദേഹം സേവന മനുഷ്ഠിച്ചു. 1856ൽ അദ്ദേഹം മെക്സിക്കോ സന്ദർശിക്കുകയും പെരിഗോൾഡ് ഗുഹയുടെ പര്യവേക്ഷണത്തിന് സാക്ഷിയാവുകയും ചെയ്തു. ആദ്യ പുസ്തകമായ മെക്സിക്കോ ആന്റ് ദി മെക്സിക്ക ൻസ് 1861 ൽ പ്രസിദ്ധീകരിക്കുന്നതിന് ഇത് കാരണമായി. 'റിസർച്ച് ഇൻ ടു ദി ഏർളി ഹിസ്റ്ററി ഓഫ് മാൻകൈന്റ് ആന്റ് ഡവലപ്മെന്റ് ഓഫ് സിവിലൈസേഷൻ' (1965) എന്ന കൃതിയിൽ ടെയ്‌ലർ പരിണാമവുമായി ബന്ധപ്പെട്ട തന്റെ കാഴ്ചപ്പാടുകൾ അവതരിപ്പിക്കുന്നുണ്ട്.

ടെയ്‌ലറുടെ സിദ്ധാന്തത്തിൽ അന്തർലീനമായിരിക്കുന്ന അടിസ്ഥാന ആശയമാണ് സാംസ്കാരികത്തുടർച്ച. മനുഷ്യരാശി ഒന്നടങ്കം സാംസ്കാരിക പരിണാമപ്രക്രിയയിലൂടെ പുരാതനവും ചരിത്രാതീതവുമായ ഘട്ടത്തിൽനിന്നു മധ്യഘട്ടത്തിലേക്കും അവസാനമായി ഇന്ന് ലോകം എത്തിനിൽക്കുന്ന കൂടുതൽ പുരോഗതിയാർജിച്ച നാഗരികതയിലേക്കും എത്തിച്ചേർന്നു.

ടെയ്‌ലറുടെ അഭിപ്രായത്തിൽ ആനിമിസ (ആത്മാവിലുള്ള വിശ്വാസം) മാണ് ആദ്യകാല വിശ്വാസത്തിന്റെ രൂപം. തുടർന്ന് അത് ബഹുദൈവാരാധനയിലേക്കും ആധുനികകാലത്ത് കാണപ്പെടുന്ന ഏകദൈവാരാധനയിലേക്കും വികസിച്ചു.

ആത്മാവിലുള്ള വിശ്വാസം ⟶ ബഹുദൈവാരാധന ⟶ ഏകദൈവാരാധന

ഭൗതികസംസ്കാരം ശിലായുഗം, വെങ്കലയുഗം, ഇരുമ്പുയുഗം എന്നീ ഘട്ടങ്ങളിലൂടെയാണ് വികസിച്ചത് എന്ന് അദ്ദേഹം അഭിപ്രായപ്പെടുന്നു.

ശിലായുഗം ⟶ വെങ്കലയുഗം ⟶ ഇരുമ്പുയുഗം

ജെയിംസ് ഫ്രേസറുടെ കാഴ്ചപ്പാടിൽ എല്ലാ സമൂഹങ്ങളും തുടർച്ചയായ മൂന്ന് ഘട്ടങ്ങളിലൂടെയാണ് വികസിച്ചത്. മന്ത്രവാദം, മതം, ശാസ്ത്രം എന്നിവയാണവ. തനിക്ക് ചുറ്റും സംഭവിക്കുന്ന കാര്യങ്ങളെക്കുറിച്ച് പുരാതനമനുഷ്യൻ അജ്ഞാതനായിരുന്നു. മന്ത്രവാദത്തിന് പ്രകൃതിയെയടക്കം എല്ലാറ്റിനെയും നിയന്ത്രിക്കാനാവുമെന്ന് അവർ വിശ്വസിച്ചു.

മന്ത്രവാദം ⟶ മതം ⟶ ശാസ്ത്രം

### അമേരിക്കൻ ക്ലാസിക്കൽ പരിണാമവാദം: എൽ.എച്ച്. മോർഗൺ (1818 – 1881)

എൽ. എച്ച്. മോർഗൺ തന്റെ 'ആൻഷ്യന്റ് സൊസൈറ്റി' (1877) എന്ന പുസ്തകത്തിൽ സാംസ്കാരികപുരോഗതിയെ മൂന്ന് പ്രധാനഘട്ടങ്ങളായി വിഭജിച്ചു. കാട്ടാളത്തം, അപരിഷ്കൃതത്വം, നാഗരികത എന്നിവയാണവ. ആദ്യ രണ്ടു ഘട്ടങ്ങളെ പ്രാചീനം, മധ്യം, ഉപരി എന്നീ ഉപവിഭാഗങ്ങളായി വീണ്ടും തരംതിരിച്ചു. ഈ നരവംശഘട്ടങ്ങളെയും ഉപവിഭാഗങ്ങളെയും തത്തുല്യമായ സാങ്കേതികവികാസത്തെയും താഴെ കൊടുത്ത രീതിയിൽ മോർഗൺ വർഗീകരിച്ചിരിക്കുന്നു.



എൽ.എച്ച്. മോർഗൺ (1818–1881) ന്യൂയോർക്കിലാണ് ജനിച്ചത്. അദ്ദേഹം നിയമം പഠിക്കുകയും പിന്നീട് അമേരിക്കൻ ഗോത്രസമൂഹമായ ഇറോക്വീസ് ഇന്ത്യന്റെ പഠനത്തിൽ താൽപ്പര്യം ജനിക്കുകയും ചെയ്തു. ഇറോക്വീസ് ഇന്ത്യൻ സമൂഹം ത്വരിതഗതിയിൽ മാറിക്കൊണ്ടിരിക്കുന്ന പശ്ചാത്തലത്തിൽ അത് റെക്കോർഡ് ചെയ്യേണ്ടതിന്റെ ആവശ്യകത അദ്ദേഹം മനസ്സിലാക്കി. ഇറോക്വീസ് സംസ്കാരത്തെ കുറിച്ചുള്ള അറിവുകൾ അദ്ദേഹം ശേഖരിക്കുകയും 'ലീഗ് ഓഫ് ദി ഇറോക്വീസ്' (1851) എന്ന പുസ്തകം പ്രസിദ്ധീകരിക്കുകയും ചെയ്തു. 1871– ൽ പ്രസിദ്ധീകരിച്ച അദ്ദേഹത്തിന്റെ പ്രശസ്ത പുസ്തകമായ 'ആൻഷ്യന്റ് സൊസൈറ്റി'യിൽ മനുഷ്യചരിത്രത്തെ മൂന്ന് പ്രധാന നരവംശഘട്ടങ്ങളായി വിഭജിച്ചു– കാട്ടാളത്തം, അപരിഷ്കൃതത്വം, നാഗരികത. ആദ്യ രണ്ടു കാലഘട്ടങ്ങളെയും അദ്ദേഹം പ്രാചീനം, മധ്യം, ഉപരി എന്നിങ്ങനെ വീണ്ടും വിഭജിച്ചു. കാൾ മാർക്സിന് മോർഗന്റെ ആൻഷ്യന്റ് സൊസൈറ്റിയുടെ പതിപ്പ് ലഭിക്കുകയും ചരിത്രത്തിന് അദ്ദേഹം നൽകിയ വ്യാഖ്യാനങ്ങൾക്ക് ഉപോദ്ബലകമായി ഈ പുസ്തകത്തെ കാണുകയും ചെയ്തു. മാർക്സിന്റെ മരണശേഷം, അദ്ദേഹം നിർദേശിച്ചിരുന്നതു പ്രകാരം ഏംഗൽസ് 1884– ൽ പ്രസിദ്ധീകരിച്ച പുസ്തകമാണ് 'ഒറിജിൻ ഓഫ് ഫാമിലി, പ്രൈവറ്റ് പ്രോപ്പർട്ടി ആന്റ് ദി സ്റ്റേറ്റ് ഇൻ ദി ലൈറ്റ് ഓഫ് റിസർച്ചസ് ഓഫ് ലൂയിസ് ഹെൻറി മോർഗൺ'.

| | നരവംശഘട്ടങ്ങൾ | സാങ്കേതികവികാസം |
|---|---|---|
| 1. | പ്രാചീന കാട്ടാളത്തം | സംസാരരീതിയുടെ ആവിർഭാവം, കായ്കനികൾ ഭക്ഷിച്ചുകൊണ്ടുള്ള ഉപജീവനം |
| 2. | മധ്യ കാട്ടാളത്തം | മീൻപിടിത്തവും തീയുടെ ഉപയോഗവും |
| 3. | ഉപരി കാട്ടാളത്തം | അമ്പിന്റെയും വില്ലിന്റെയും കണ്ടുപിടിത്തം |
| 4. | പ്രാചീന അപരിഷ്കൃതത്വം | മൺപാത്രനിർമ്മാണത്തിന്റെ തുടക്കം |
| 5. | മധ്യ അപരിഷ്കൃതത്വം | കൃഷിയുടെ കണ്ടുപിടിത്തവും മൃഗപരിപാലനവും |
| 6. | ഉപരി അപരിഷ്കൃതത്വം | ഇരുമ്പയിര് വേർതിരിച്ചെടുക്കലും ഇരുമ്പായുധങ്ങളുടെ നിർമ്മാണവും |
| 7. | നാഗരികത | അക്ഷരവിദ്യയുടെയും എഴുത്തിന്റെയും കണ്ടുപിടിത്തം |

മോർഗൺ ഇറോക്വീസ് ഇന്ത്യൻസിനെക്കുറിച്ച് വിശദമായി പഠിക്കുകയും 1851 ൽ 'ലീഗ് ഓഫ് ദി ഇറോക്വീസ്' (1851) എന്ന പുസ്തകം പ്രസിദ്ധീകരിക്കുകയും ചെയ്തു. പിന്തുടർച്ചാനിയമങ്ങളെ കുറിച്ച് അന്വേഷിക്കുന്ന സമയത്ത് ബന്ധുക്കൾക്ക് പേരു നൽകുന്ന രീതിയിൽ അദ്ദേഹത്തിന് കൗതുകം തോന്നി. ഇറോക്വീസ് സംസ്കാരത്തിൽ ഒരാളുടെ അമ്മയുടെ സഹോദരിയെ അമ്മ എന്നും അച്ഛന്റെ സഹോദരനെ അച്ഛൻ എന്നും അമ്മൂമ്മയുടെ സഹോദരിയെ അമ്മൂമ്മ തുടങ്ങിയ രീതിയിലുമാണ് വിളിച്ചിരുന്നത്. സഹോദരിമാരുടെ മക്കൾ പരസ്പരം സഹോദരൻ, സഹോദരി എന്നിങ്ങനെയാണ് വിളിച്ചിരുന്നത്. മോർഗൺ ഇതിനെ 'വർഗീകരണാത്മക ബന്ധുത്വരീതി' (Classificatory Kinship System) എന്നു വിളിച്ചു. ഇതിനു വിപരീതമായി 'വിവരണാത്മകരീതി'യിൽ (Descriptive system) ഓരോ ബന്ധത്തെയും സൂചിപ്പിക്കുന്നതിനായി ഓരോ പദം ഉപയോഗിച്ചിരുന്നു. കൂടാതെ അദ്ദേഹത്തിന് ലഭിച്ച വിവരങ്ങൾ പ്രകാരം ഇന്ത്യയിൽ തമിഴ്‌വംശത്തിൽപ്പെട്ടവർ വർഗീകരണാത്മകരീതി ഉപയോഗിക്കുന്നതായി മനസ്സിലായി. ഇതുവഴി അമേരിക്കൻ ഇന്ത്യൻ ഗോത്രങ്ങളുടെ ഉദ്ഭവം ഏഷ്യയിലാണെന്ന നിഗമനത്തിൽ അദ്ദേഹം എത്തിചേർന്നു.

ബന്ധുത്വത്തിലെ വർഗീകരണാത്മകവും വിവരണാത്മകവുമായ രീതികൾ നമ്മുടെ സമൂഹങ്ങളിലും കണ്ടുവരുന്നുണ്ട്. അത്തരം ബന്ധുത്വപദങ്ങൾ കണ്ടെത്തുകയും അതിന്റെ പദാവലി തയാറാക്കുകയും ചെയ്യുക.

### ജർമൻ ക്ലാസിക്കൽ പരിണാമവാദം (കോണ്ടിനെന്റൽ പരിണാമവാദം): ജോൺ ജേക്കബ് ബക്കോഫൻ (1815 – 1877)

ജെ.ജെ.ബക്കോഫൻ ഒരു കോണ്ടിനെന്റൽ പരിണാമവാദിയാണ്. അദ്ദേഹത്തിന്റെ അഭിപ്രായത്തിൽ മാതൃദായ പിന്തുടർച്ചയിലാണ് (Matrilineal) ആദ്യകാലങ്ങളിൽ ബന്ധുത്വം തിരിച്ചറിഞ്ഞിരുന്നത്. എന്നാൽ ബന്ധുത്വപിന്തുടർച്ചയുടെ പിതൃദായരീതി (Patrilineal) പിന്നീടുണ്ടായ മാറ്റമായാണ് അദ്ദേഹം കരുതുന്നത്. മാതൃദായക്രമം (Matriarchy)

രണ്ടാം ഘട്ടത്തിലെ വികസിതരൂപമാണെന്നും അതിന് മുൻപ് ഹെറ്ററിസം അഥവാ ലൈംഗികാരാജകത്വ (Sexual communism) മാണ് നിലവിലുണ്ടായിരുന്നതെന്നുമാണ് ബക്കോഫെൻ നിരീക്ഷിക്കുന്നത്. ഇന്നു കാണുന്ന ഏകവിവാഹം (Monogamy), ബഹുഭർതൃത്വം (Polyandry), ബഹുഭാര്യത്വം (Polygamy) എന്നിവയിലൂടെ പരിണമിച്ചാണുണ്ടായത്. മാതൃദായപിന്തുടർച്ചാ സമൂഹങ്ങളുമായി ബന്ധപ്പെട്ട കണ്ടെത്തലുകൾ തന്റെ മദർ റൈറ്റ് (ദാസ് മുട്ടറെഷ്) (1861) എന്ന പുസ്തകത്തിൽ പ്രസിദ്ധീകരിച്ചിട്ടുണ്ട്. ഇതിൽ പിതൃദായക്രമം വികസിപ്പിച്ച രീതിയും വ്യക്തമാക്കുന്നു.

ലൈംഗികാരാജകത്വം ⟶ മാതൃദായക്രമം ⟶ പിതൃദായക്രമം

ആദ്യഘട്ടത്തിൽ സ്ത്രീകളെ ഉപഭോഗവസ്തു മാത്രമായാണ് പരിഗണിച്ചിരുന്നത്. അമ്മവഴിയായി പിന്തുടർച്ചക്രമം പാലിക്കാൻ തുടങ്ങിയതോടെ സ്ത്രീകൾക്ക് അധികാരം ലഭിക്കാനിടയായതായി കരുതുന്നു. താമസം മാതൃസ്ഥലീയ (Matrilocal)മാവുകയും സ്വത്തവകാശം അമ്മയിൽനിന്ന് മകളിലേക്ക് കൈമാറുകയും ചെയ്യാൻ തുടങ്ങി. മാതൃദായ പിന്തുടർച്ച പിതൃദായ പിന്തുടർച്ചയായി മാറുന്നതോടെ പുരുഷാധിപത്യം ഉടലെടുത്തു.

സാംസ്കാരികവ്യവസ്ഥ അഥവാ നിയമങ്ങൾ കണ്ടെത്താമെന്നുള്ള കാഴ്ചപ്പാടിലൂടെയാണ് 19-ാം നൂറ്റാണ്ടിലെ പരിണാമവാദികൾ സാംസ്കാരികപരിണാമത്തെക്കുറിച്ച് സംസാരിച്ചത്. എന്നാൽ ഈ കണ്ടെത്തലുകൾ 20-ാം നൂറ്റാണ്ടിലെ പരിണാമവാദികൾ പരിഷ്കരിച്ചു. ഇവർ നവപരിണാമവാദികൾ എന്നറിയപ്പെടുന്നു. ഇതെന്താണെന്ന് നമുക്ക് നോക്കാം

## നവപരിണാമവാദം (Neo Evolutionism)

നവപരിണാമവാദികൾ ഏകരേഖീയപരിണാമത്തെ അംഗീകരിക്കാൻ തയാറായില്ല. ക്ലാസിക്കൽ പരിണാമസിദ്ധാന്തത്തിന്റെ പരിമിതികൾ പരിഹരിക്കാനായി ഇവർ പുതിയ ക്രമം നിർദേശിച്ചു. സംസ്കാരം വികസിച്ചത് ഏകരേഖീയ രീതിയില്ലെന്നും അനുവൃത്തവക്ര (Parabolic Curve) രീതിയിലാണെന്നും ഇവർ വാദിച്ചു. ഇതു പ്രകാരം ആദ്യഘട്ടത്തിൽ ഒരു നിശ്ചിതരൂപത്തിൽ സാമൂഹികസ്ഥാപനം ഉടലെടുക്കുന്നു. അടുത്ത ഘട്ടത്തിൽ തീർത്തും വ്യത്യസ്തമായ രൂപത്തിലേക്ക് ഇത് വഴിമാറുന്നു. വീണ്ടും അത് യഥാർഥരൂപത്തിന്റെ പരിഷ്കൃതരൂപത്തിലേക്ക് രൂപാന്തരം പ്രാപിക്കുന്നു.

ഉദാഹരണമായി, പൊതുവായ സ്വത്തവകാശം വ്യക്തിഗത സ്വത്തവകാശമായി രൂപപ്പെട്ടു. ആധുനികകാലത്ത് പൊതുവായ സ്വത്തവകാശമെന്ന ആശയം വീണ്ടും വളർന്നുവരുന്നുണ്ട്. ഇതേപോലെ ആദ്യകാലത്ത് മനുഷ്യർ വസ്ത്രങ്ങൾ ഉപയോഗിച്ചിരുന്നില്ല. വസ്ത്രങ്ങളുടെ കണ്ടുപിടിത്തത്തോടെ വസ്ത്രങ്ങൾകൊണ്ട് ശരീരം മറയ്ക്കുന്ന രീതി നിലവിൽ വന്നു. എന്നാൽ ഇന്ന് വീണ്ടും ഫാഷന്റെയും മറ്റും ഭാഗമായി അൽപ്പമാത്രവസ്ത്രധാരണം (Nudism) സാധാരണമാവുകയാണ്.

ലൈംഗികബന്ധങ്ങളുടെ കാര്യത്തിലും ഇത്തരം പ്രവണത കാണാവുന്നതാണ്. സംസ്കാരത്തിന്റെ ആദ്യഘട്ടത്തിൽ ലൈംഗിക അരാജകത്വം നിലനിന്നിരുന്നു. വ്യത്യസ്ത

ഘട്ടങ്ങളിലെ പരിണാമത്തിലൂടെ ഏകവിവാഹരീതി നിലവിൽ വരുകയും ആധുനികകാലത്ത് വീണ്ടും ലൈംഗികസ്വാതന്ത്ര്യത്തിനു വേണ്ടിയുള്ള മുറവിളികൾ ഉയരുകയും ചെയ്യുന്നു. ഈ ഉദാഹരണങ്ങൾ താഴെ കൊടുത്ത ഗ്രാഫിൽ ചിത്രീകരിച്ചിരിക്കുന്നു.

**ഒന്നാം ഘട്ടം**

1. പൊതുവായ സ്വത്തവകാശം
2. അൽപമാത്ര വസ്ത്രധാരണം
3. ലൈംഗികാരാജകത്വം

**രണ്ടാം ഘട്ടം**

1. വ്യക്തിഗത സ്വത്തുസമ്പ്രദായം
2. വസ്ത്രങ്ങൾകൊണ്ട് ശരീരം മറയ്ക്കുന്നു
3. ഏകവിവാഹം

**മൂന്നാം ഘട്ടം**

1. പൊതുവായ സ്വത്തവകാശം
2. അൽപ വസ്ത്രധാരണം
3. ലൈംഗികസ്വാതന്ത്ര്യം

ചിത്രം 2.2 അനുവൃത്ത വക്രരീതിയിലുള്ള പരിണാമം



മനുഷ്യസമൂഹത്തിന്റെയും സംസ്കാരത്തിന്റെയും പരിണാമം ഏകരേഖീയരീതിയിലല്ല, മറിച്ച്, അനുവൃത്തവക്രരീതിയിലാണെന്ന് നാം കണ്ടുകഴിഞ്ഞു. ചില ഉദാഹരണങ്ങൾ മുകളിൽ കൊടുത്തിരിക്കുന്നു. സമാനമായ ഉദാഹരണങ്ങൾ കണ്ടെത്തുകയും ഒരു അനുവൃത്തവക്രം വരയ്ക്കുകയും ചെയ്യുക.

ദേശത്തിന്റെ അടിസ്ഥാനത്തിൽ നവപരിണാമവാദത്തിന്റെ വക്താക്കളെ വർഗീകരിക്കാവുന്നതാണ്. നവീനപരിണാമസിദ്ധാന്തത്തിന്റെ പ്രധാന വക്താക്കളാണ് ബ്രിട്ടനിലെ വി.ഗോർഡൻ ചൈൽഡ്, അമേരിക്കയിലെ ജൂലിയൻ സ്റ്റിവാർഡ്, ലെസ്ലി എ. വൈറ്റ് എന്നിവർ. ഇതിൽ നവീനശിലായുഗവിപ്ലവം എന്ന ആശയം നിർദേശിച്ച പുരാവസ്തുശാസ്ത്രജ്ഞനായ വി.ഗോർഡൻ ചൈൽഡിനെ നിങ്ങൾക്ക് പരിചയമുണ്ട്. നവപരിണാമവാദി എന്ന നിലയിൽ അദ്ദേഹത്തിന്റെ സംഭാവനകൾ നമുക്ക് പരിശോധിക്കാം.

## ബ്രിട്ടീഷ് നവപരിണാമവാദം: വി.ഗോർഡൻ ചൈൽഡ്

ബ്രിട്ടീഷ് നവപരിണാമവാദത്തിന്റെ ഏക മുൻഗാമിയും പരിശീലനം ലഭിച്ച പുരാവസ്തുഗവേഷകനുമാണ് വി.ഗോർഡൻ ചൈൽഡ്. അദ്ദേഹത്തിന്റെ പുസ്തകമായ സോഷ്യൽ ഇവല്യൂഷനിൽ (1951) സാംസ്കാരികപരിണാമത്തെ പ്രധാന മൂന്നു സംഭവങ്ങളുമായി ബന്ധപ്പെടുത്തി വിശദമാക്കുന്നു.

- ഭക്ഷ്യോൽപ്പാദനം
- നഗരവൽക്കരണം
- വ്യവസായവൽക്കരണം

ചൈൽഡിന്റെ അഭിപ്രായത്തിൽ മനുഷ്യസമൂഹത്തിന്റെ പരിണാമം സംഭവിച്ചത് ഈ മൂന്നു സംഭവങ്ങളുടെ പശ്ചാത്തലത്തിലാണ്. ഇതിന്റെ അടിസ്ഥാനത്തിൽ അദ്ദേഹം മുന്നോട്ടു വച്ച പുരാവസ്തുവിജ്ഞാനീയ (വംശവിജ്ഞാനീയ) കാലഘട്ടത്തിന്റെ പരിണാമവും തത്തുല്യമായ സാംസ്കാരികപുരോഗതിയും താഴെ കൊടുക്കുന്നു

| | പുരാവസ്തുവിജ്ഞാനീയ (വംശവിജ്ഞാനീയ) കാലഘട്ടങ്ങൾ | സാംസ്കാരികപുരോഗതി |
|---|---|---|
| 1. | പുരാതനശിലായുഗം | കാട്ടാളത്തം |
| 2. | നവീനശിലായുഗം | അപരിഷ്കൃതത്വം |
| 3. | ചെമ്പുയുഗം | ഉപരി അപരിഷ്കൃതത്വം |
| 4. | ആദ്യകാലവെങ്കലയുഗം | നാഗരികത |

മുകളിൽ നൽകിയ പരിണാമഘട്ടങ്ങൾ സൂചിപ്പിക്കുന്നത് ടെയ്‌ലറുടെയും മോർഗന്റെയും പരിണാമവുമായി ബന്ധപ്പെട്ട കാഴ്ചപ്പാടുകൾ ചൈൽഡിനെ വളരെയേറെ സ്വാധീനിച്ചിരുന്നു എന്നാണ്. മനുഷ്യരുടെ മുഴുവൻ സാംസ്കാരികപരിണാമത്തെ കുറിച്ചാണ് അദ്ദേഹം ചർച്ചചെയ്തത് എന്നതിനാൽ അദ്ദേഹം സാർവത്രികപരിണാമവാദി (Universal Evolutiotionist) എന്നറിയപ്പെടുന്നു. മനുഷ്യവംശത്തിനു മുഴുവൻ ബാധകമായ രീതിയിൽ പൊതുവായ പരിണാമഘട്ടങ്ങളാണ് അദ്ദേഹം മുന്നോട്ടു വച്ചത്, അല്ലാതെ പ്രാദേശിക പാരിസ്ഥിതികഘടകങ്ങളാൽ നിർണയിക്കപ്പെടുന്ന പ്രത്യേകസംസ്കാരത്തെയല്ല.

ചൈൽഡിന്റെ അഭിപ്രായത്തിൽ സാംസ്കാരികപുരോഗതിയുടെ ഓരോ ഘട്ടത്തിലും മനുഷ്യർ സാങ്കേതികമാറ്റങ്ങളിലൂടെ കടന്നുപോയി. കാട്ടാളത്തഘട്ടത്തിൽ വേട്ടയാടലും ഭക്ഷ്യവസ്തുശേഖരണവുമായിരുന്നു എങ്കിൽ അപരിഷ്കൃതത്തിൽ മൃഗങ്ങളെ ഇണക്കിവളർത്തലും കൃഷിയുടെ കണ്ടുപിടുത്തവും മാറ്റങ്ങൾ വരുത്തി. ഉപരി അപരിഷ്കൃതത്വത്തിൽ അയിരുകൾ വേർതിരിച്ചെടുക്കുന്ന പ്രക്രിയകളും ലോഹങ്ങൾ കൊണ്ടുള്ള ഉപകരണങ്ങളുടെ നിർമ്മാണവുമായിരുന്നു. നാഗരികതയുടെ പ്രത്യേകതകളാണ് നഗരങ്ങളുടെ വളർച്ചയും എഴുത്തുവിദ്യയുടെയും സാഹിത്യരൂപങ്ങളുടെയും ഉത്ഭവവും.

ചൈൽഡ് തന്റെ പഠനത്തിനായി പുരാവസ്തുവിജ്ഞാനീയ ദത്തങ്ങൾ സാർവത്രിക സാംസ്കാരികപരിണാമത്തെ മനസ്സിലാക്കാനായി ഉപയോഗിച്ചു. അമേരിക്കൻ നവപരിണാമവാദിയായ ജൂലിയൻ സ്റ്റിവാർഡ് സാംസ്കാരികപരിണാമത്തിന്റെ വിവിധ തരങ്ങൾ അഥവാ ത്രിതല വർഗീകരണം (Typology of Cultural Evalution) അവതരിപ്പിച്ചു.

### അമേരിക്കൻ നവപരിണാമവാദം : ജൂലിയൻ സ്റ്റിവാർഡ്

ജൂലിയൻ സ്റ്റിവാർഡ് സാംസ്കാരികപരിണാമ പഠനങ്ങൾക്ക് അതുല്യമായ സംഭാവനകൾ നൽകിയിട്ടുണ്ട്. അദ്ദേഹത്തിന്റെ പുസ്തകമായ തിയറി ഓഫ് കൾച്ചർ ചേയ്ഞ്ച് (1955) എന്ന പുസ്തകത്തിൽ സാംസ്കാരികപരിണാമത്തിന്റെ വിവിധ തരങ്ങൾ (ത്രിതല വർഗീകരണം) (Typology of Cultural Evalution) താഴെ കൊടുത്ത പ്രകാരം നിർദേശിക്കുന്നു:

1. ഏകരേഖീയപരിണാമം (Unilinear Evolution)
2. സാർവത്രികപരിണാമം (Universal Evolution)
3. ബഹുരേഖീയപരിണാമം (Multilinear Evolution)

**ഏകരേഖീയപരിണാമം :** ഇതുപ്രകാരം സംസ്കാരം വ്യത്യസ്തവും തുടർച്ചയായതുമായ വികാസഘട്ടങ്ങളിലൂടെ കടന്നുപോവുകയും ലളിതരൂപങ്ങൾ സങ്കീർണരൂപമായും ഏകരൂപമായവ ബഹുരൂപങ്ങളായും മാറുന്നതായി അവകാശപ്പെടുന്നു. ക്ലാസിക്കൽ പരിണാമവാദികളായ ഇ.ബി. ടെയ്‌ലർ, എൽ.എച്ച്. മോർഗൺ തുടങ്ങിയവരെ ഏകരേഖീയപരിണാമവാദികളായി കണക്കാക്കുന്നു.

**ബഹുരേഖീയപരിണാമം :** ബഹുരേഖീയപരിണാമവാദികൾ വ്യക്തിഗതമായ (വ്യതിരിക്തമായ) സംസ്കാരങ്ങളിൽ താൽപ്പര്യമുള്ളവരാണ്. ജൂലിയൻ സ്റ്റിവാർഡ് ബഹുരേഖീയ പരിണാമവാദികളിൽ ഉൾപ്പെടുന്നു. അദ്ദേഹത്തിന്റെ അഭിപ്രായത്തിൽ, എല്ലാ സംസ്കാരങ്ങളും ഒരേ വികാസഘട്ടങ്ങളിലൂടെയല്ല കടന്നുപോയിട്ടുള്ളത്, മറിച്ച് വ്യത്യസ്ത മേഖലകളിൽ അവയുടെ ഘട്ടങ്ങളും വ്യത്യസ്തമാണ്. ഉദാഹരണമായി, വ്യത്യസ്തമായ പാരിസ്ഥിതിക ചുറ്റുപാടുകൾ കാരണം ഹിമപ്രദേശത്തെയും, മരുപ്രദേശത്തെയും, വനപ്രദേശത്തെയും, സമതലപ്രദേശത്തെയും സാംസ്കാരികവികാസത്തിന്റെ ഗതികളും വ്യത്യസ്തമാണ്. സംസ്കാരവും പരിസ്ഥിതിയും തമ്മിലുള്ള പരസ്പരബന്ധം പഠിക്കാനായി സാംസ്കാരിക പരിസ്ഥിതിപഠന (Cultural Ecology)മെന്ന രീതിയും അദ്ദേഹം നിർദേശിക്കുന്നു (യൂണിറ്റ് 5-ൽ ഇത് വ്യക്തമാക്കുന്നു). സ്റ്റിവാർഡിന്റെ അഭിപ്രായത്തിൽ ലോകം മുഴുവനുമുള്ള സാംസ്കാരികപരിണാമത്തിന്റെ വിവിധഘട്ടങ്ങൾ ഏകരൂപത്തിലുള്ളതല്ല.

**സാർവത്രികപരിണാമം :** ലോകം മുഴുവനായുള്ള സംസ്കാരപരിണാമത്തെ സംബന്ധിച്ചുള്ളതാണിത്. വ്യക്തിഗത സംസ്കാരങ്ങളെക്കാളുപരി മനുഷ്യവംശത്തിന്റെ മുഴുവൻ സംസ്കാരത്തെയും അത് പരിഗണിക്കുന്നു. ഈ കാഴ്ചപ്പാട് പ്രകാരം പരിണാമമെന്നത് ഒരു സാർവത്രികപ്രതിഭാസമാണ്. പുരാതനസംസ്കാരമാവട്ടെ, പുരോഗമനസംസ്കാരമാവട്ടെ, എല്ലാ സംസ്കാരങ്ങളും പരിണാമമെന്ന പ്രക്രിയയിലൂടെ കടന്നുപോവുന്നു. ബ്രിട്ടനിലെ വി.ഗോർഡൻ ചൈൽഡും അമേരിക്കയിലെ ലെസ്ലി എ. വൈറ്റും സാർവത്രികപരിണാമവാദികളാണ്.


## ലെസ്ലി എ. വൈറ്റ്

വൈറ്റിന്റെ അഭിപ്രായത്തിൽ സംസ്കാരം വികസിക്കുന്നത് പ്രതിവർഷ, പ്രതിശീർഷ ഊർജ ഉപഭോഗം വർധിക്കുമ്പോഴാണ്. മനുഷ്യന്റെ പുരോഗതി ഊർജ ഉപഭോഗത്തിന് ആനുപാതികമായാണ് സംഭവിക്കുന്നത്. അതായത് സാങ്കേതികപുരോഗതിക്ക് തത്തുല്യമായാണ് സംസ്കാരം പുരോഗതി പ്രാപിക്കുന്നത്. ഇതുമായി ബന്ധപ്പെട്ട തത്ത്വം താഴെ കൊടുത്ത സൂത്രവാക്യപ്രകാരം വ്യക്തമാക്കാവുന്നതാണ്.

$$E x T = C$$

E = Energy T=Technology C = Culture development

അദ്ദേഹത്തിന്റെ പുസ്തകമായ 'ഇവല്യൂഷൻ ഓഫ് കൾച്ചർ' (1959) നവീനപരിണാമവാദവുമായി ബന്ധപ്പെട്ട സൈദ്ധാന്തികവശങ്ങൾ അവതരിപ്പിക്കുന്നു. വൈറ്റിനെ സംബന്ധിച്ച് സാമൂഹിക-സാംസ്കാരികവ്യവസ്ഥ മൂന്നു തലങ്ങൾ ഉൾക്കൊള്ളുന്നതാണ്.




**സാങ്കേതിക-സാമ്പത്തിക തലം** : സാങ്കേതികവും സാമ്പത്തികവുമായ പ്രവർത്തനങ്ങൾക്കാവശ്യമായ ഉപകരണങ്ങളും ആയുധങ്ങളും ഇതിൽ ഉൾപ്പെടുന്നു.

**സാമൂഹ്യതലം** : സാമൂഹിക-സ്ഥാപനങ്ങളായ കുടുംബം, വിവാഹം, ബന്ധുത്വം, രാഷ്ട്രീയം, മതം, ആചാരങ്ങൾ, നിയമങ്ങൾ തുടങ്ങിയവ ഉൾപ്പെടുന്നു.

**ആശയതലം** : ആശയങ്ങൾ, വിശ്വാസങ്ങൾ, അറിവുകൾ, മൂല്യങ്ങൾ, സദാചാരങ്ങൾ, ഭാവാവിഷ്കാരം തുടങ്ങിയവ ഇതിൽ ഉൾപ്പെടുന്നു.



ക്ലാസിക്കൽ പരിണാമവാദത്തിന്റെയും നവീനപരിണാമവാദത്തിന്റെയും പ്രധാന പ്രമാണങ്ങൾ നാം പരിശോധിച്ചുകഴിഞ്ഞു. ഇവ രണ്ടിന്റെയും അടിസ്ഥാനതത്ത്വങ്ങൾ താരതമ്യം ചെയ്ത് ഒരു ചാർട്ട് തയാറാക്കുക.

പരിണാമവാദികളുടെ അഭിപ്രായത്തിൽ ലോകത്തിന്റെ വിവിധ ഭാഗങ്ങളിൽ കാണപ്പെടുന്ന സാംസ്കാരികസാദൃശ്യം മനസ്സിന്റെ ഒത്തൊരുമ കൊണ്ടുണ്ടാവുന്നതാണ്. പരസ്പരം ബന്ധമില്ലാത്ത വിദൂരങ്ങളിലുള്ള സംസ്കാരങ്ങൾ സ്വതന്ത്രമായി രൂപപ്പെട്ടതാണ്. അതുകൊണ്ടുതന്നെ സമാന്തര കണ്ടുപിടിത്തങ്ങൾ, മാനസിക ഒത്തൊരുമയുടെ തെളിവായി കണക്കാക്കാം. പരിണാമവാദികൾ മുന്നോട്ടു വച്ച ഈ ആശയം 20-ാം നൂറ്റാണ്ടിലെ ഒരു വിഭാഗം നരവംശശാസ്ത്രജ്ഞർ ചോദ്യംചെയ്തു. ഇവർ നരവംശശാസ്ത്രത്തിൽ സാംസ്കാരിക വ്യാപനവാദികൾ എന്നറിയപ്പെടുന്നു.

## സാംസ്കാരിക വ്യാപനവാദം (Diffusionism)

20-ാം നൂറ്റാണ്ടിന്റെ തുടക്കത്തിലാണ് സാംസ്കാരിക വ്യാപനവാദസിദ്ധാന്തം ഉദയം ചെയ്തത്. വ്യാപനവാദികളുടെ കാഴ്ചപ്പാടിൽ ലോകത്തിന്റെ വിവിധഭാഗങ്ങളിൽ വ്യത്യസ്ത കാലങ്ങളിൽ രൂപപ്പെടുന്ന സംസ്കാരഘടകങ്ങളും (Culture Traits) സംസ്കാരഘടക സഞ്ചയങ്ങളും (Cultural Complexes) മറ്റു ഭാഗങ്ങളിലേക്കു വ്യാപിക്കുന്നു. അതുപ്രകാരം സംസ്കാരം വളർച്ച പ്രാപിക്കുന്നത് പരിണാമം വഴിയല്ല, സംസ്കാര ഘടകങ്ങളും സംസ്കാരഘടക സഞ്ചയങ്ങളും ചരിത്രപരമായ സംഭവങ്ങൾ കൊണ്ടോ പരസ്പരബന്ധങ്ങളിലൂടെയോ വ്യാപിക്കുക വഴിയാണ്. ഒരു പ്രദേശത്തോ സമൂഹത്തിലോ കണ്ടുപിടിച്ച സംസ്കാരഘടകങ്ങൾ നേരിട്ടോ അല്ലാതെയോ മറ്റു പ്രദേശങ്ങളിലേക്കോ സമൂഹങ്ങളിലേക്കോ വ്യാപിക്കുന്ന പ്രക്രിയയാണ് സാംസ്കാരികവ്യാപനം (Cultural Diffusion).

സംസ്കാരവ്യാപന പ്രക്രിയയിൽ താഴെ കൊടുത്തിരിക്കുന്ന വസ്തുതകൾ എത്രത്തോളം സ്വാധീനം ചെലുത്തുന്നുണ്ടെന്ന് ചർച്ചചെയ്യുക.

- ബന്ധവും ആശയവിനിമയവും
- പുതിയ സംസ്കാരഘടകങ്ങളുടെ ആവശ്യകത
- പഴയ സംസ്കാരഘടകങ്ങളുമായുള്ള മത്സരം
- പുതിയ സംസ്കാരഘടകങ്ങളോടുള്ള ആദരവും അംഗീകാരവും

## സാംസ്കാരികവ്യാപനത്തിന്റെ ഉപാധികൾ/വ്യവസ്ഥകൾ (Conditions for Cultural Diffusion)

1. ഒരു സംസ്കാരത്തിലുള്ളവർ മറ്റു സംസ്കാരങ്ങളുടെ സംസ്കാരഘടകങ്ങൾ സ്വീകരിക്കുന്നത് സാമ്പത്തികമായോ സാമൂഹികമായോ അല്ലെങ്കിൽ രണ്ടു രീതിയിലുമോ അവർക്ക് ഉപകാരപ്പെടുമ്പോൾ മാത്രമാണ്.
2. സംസ്കാരഘടകങ്ങൾ വ്യാപനസമയത്ത് അതിന്റെ യഥാർഥ രൂപത്തിൽ നിലനിൽക്കുകയില്ല. വ്യത്യസ്ത പാരിസ്ഥിതിക ചുറ്റുപാടുകളിൽ അവയ്ക്ക് മാറ്റങ്ങൾ സംഭവിക്കുന്നു.
3. സങ്കീർണ സംസ്കാരങ്ങളിൽനിന്നു ലളിത സംസ്കാരങ്ങളിലേക്കോ വികസിത സംസ്കാരങ്ങളിൽനിന്ന് അവികസിതസംസ്കാരങ്ങളിലേക്കോ ആണ് സാംസ്കാരിക വ്യാപനംനടക്കുന്നത്.
4. മറ്റു സംസ്കാരങ്ങളുടെ സംസ്കാരഘടകങ്ങൾ സ്വീകരിക്കുന്ന പ്രക്രിയ വഴി സംസ്കാരത്തിൽ മാറ്റങ്ങൾ സംഭവിക്കുന്നു.
5. സംസ്കാരവ്യാപനത്തിന് വിഘാതമായിനിൽക്കുന്ന ഘടകങ്ങളാണ് ഗതാഗതത്തിന്റെയും വാർത്താവിനിമയത്തിന്റെയും അഭാവം, സമുദ്രം, പുഴ, മല, മരുഭൂമി തുടങ്ങിയവ.



സംസ്കാരികവ്യാപനത്തിന്റെ പ്രത്യേകതകൾ വ്യാപനവാദികൾ വിശദമാക്കിയിട്ടുണ്ട്. സാംസ്കാരികവ്യാപനത്തിന്റെ ഉപാധികളായി ഇതിനെ പരിഗണിക്കാറുണ്ട്. നിങ്ങളുടെ ചുറ്റുപാടുകളിൽനിന്ന് ഭക്ഷണരീതികൾ, വസ്ത്രധാരണരീതികൾ തുടങ്ങിയവ സ്വീകരിക്കുന്നതുമായി ബന്ധപ്പെട്ട ഉദാഹരണങ്ങൾ സഹിതം സാംസ്കാരികവ്യാപനത്തിന്റെ ഉപാധികളും പ്രത്യേകതകളും ചർച്ചചെയ്യുക.

ഒരു പ്രദേശത്തോ സമൂഹത്തിലോ കണ്ടുപിടിച്ച സംസ്കാരഘടകങ്ങൾ മറ്റു പ്രദേശങ്ങളിലേക്കോ സമൂഹങ്ങളിലേക്കോ വ്യാപിക്കുന്നു എന്ന് വ്യാപനവാദികൾ അഭിപ്രായപ്പെടുന്നു ഏങ്കിലും ഏതു സ്ഥലത്തു നിന്ന് എങ്ങോട്ട് വ്യാപനം നടക്കുന്നുവെന്ന കാര്യത്തിൽ ഏകാഭിപ്രായമല്ല ഉള്ളത്. ഈ ഭിന്നതകൾ വ്യാപനവാദികൾക്കിടയിൽ വ്യത്യസ്ത ചിന്താസരണികൾ രൂപപ്പെടുന്നതിന് കാരണമായി.

## സാംസ്കാരികവ്യാപനവാദത്തിലെ ചിന്താസരണികൾ (Schools of Diffusionism)

സാംസ്കാരികവ്യാപനവാദത്തിൽ പ്രധാനമായും മൂന്നു ചിന്താസരണികൾ നിലവിലുണ്ട്:

- ബ്രിട്ടീഷ് സാംസ്കാരിക വ്യാപനവാദം
- ജർമൻ (കോണ്ടിനെന്റൽ) സാംസ്കാരിക വ്യാപനവാദം
- അമേരിക്കൻ സാംസ്കാരിക വ്യാപനവാദം

വ്യാപനവാദത്തിലെ ചിന്താസരണികൾ

| ബ്രിട്ടീഷ് വ്യാപനവാദം | ജർമൻവ്യാപനവാദം | അമേരിക്കൻ വ്യാപനവാദം |
| --- | --- | --- |
| ജി.ഇ. സ്മിത്ത് | എഫ്. റാട്സൽ | ഫ്രാൻസ് ബോസ് |
| ഡബ്ല്യു.ജെ. പെറി | ജെ.ഡബ്ല്യു. സ്മിത്ത് | ക്ലാർക് വിസ്ലർ |
| ഡബ്ല്യു. എച്ച്. ആർ. റിവേഴ്സ് | ഗ്രേബ്നർ | എ. എൽ. ക്രോബർ |

## ബ്രിട്ടീഷ് സാംസ്കാരിക വ്യാപനവാദം (British Diffusionism)

ഈ ചിന്താസരണിയിലെ പ്രധാനപണ്ഡിതരാണ് ജി.ഇ. സ്മിത്ത്, ഡബ്ല്യു. ജെ. പെറി, ഡബ്ല്യു.എച്ച്.ആർ. റിവേഴ്സ് എന്നിവർ. അവരുടെ അഭിപ്രായത്തിൽ പുരാതന ഈജിപ്താണ് ലോകസംസ്കാരത്തിന്റെ കളിത്തൊട്ടിൽ. ഈ വ്യാപനവാദം പാൻ-ഈജിപ്ഷ്യൻ സ്കൂൾ എന്നും അറിയപ്പെടുന്നു. ഇതിന്റെ ആദ്യ വക്താവാണ് ജി.ഇ. സ്മിത്ത്. ഡബ്ല്യു.ജെ. പെറി അദ്ദേഹത്തിന്റെ യാഥാർഥ പിൻഗാമിയാണ്. ഈജിപ്താണ് സംസ്കാരത്തിന്റെ കേന്ദ്രമെന്നും അവിടെനിന്നാണ് സംസ്കാരഘടകങ്ങൾ ലോകത്തിന്റെ മറ്റു ഭാഗങ്ങളിലേക്കു വ്യാപിച്ചതെന്നും വാദിക്കുന്നതുകൊണ്ട് ഇവരെ തീവ്രവ്യാപനവാദികൾ എന്നും വിളിക്കുന്നു. ഇവരുടെ പ്രവർത്തനങ്ങളും കണ്ടെത്തലുകളും ഈജിപ്തുമായി ബന്ധപ്പെട്ടതിനാൽ ഇവർ ഈജിപ്തോളജിസ്റ്റ് എന്നും അറിയപ്പെടുന്നു. ലോകത്തിന്റെ മറ്റു ഭാഗങ്ങളിൽ കണ്ടുവരുന്ന സൂര്യാരാധന ഉൽഭവിച്ചതും ഈജിപ്തിലാണെന്ന് ഇവർ വാദിക്കുന്നു. കുടിയേറ്റമാണ് സാംസ്കാരികവ്യാപനത്തിന്റെ പ്രധാന കാരണമെന്ന് ഇവർ കരുതുന്നു.

സ്മിത്തിന്റെ അഭിപ്രായത്തിൽ പുരാതന ഈജിപ്തിൽ പാരിസ്ഥിതികമായി അനുകൂലമായ ചുറ്റുപാടാണുണ്ടായിരുന്നത്. ഇത് കൃഷിയുടെ ഉൽഭവത്തിന് കാരണമായി. അവർ മൺപാത്രനിർമ്മാണം കണ്ടുപിടിക്കുകയും നഗരങ്ങൾ നിർമ്മിക്കുകയും ചെയ്തു. മതം, ഭരണകൂടം, നിയമങ്ങൾ തുടങ്ങിയ സ്ഥാപനങ്ങളുടെ തുടക്കവും ഈജിപ്തിൽനിന്നാണ്. സ്മിത്തിന്റെ കാഴ്ചപ്പാടിൽ എല്ലാ സംസ്കാരഘടകങ്ങളും ഈജിപ്തിൽ ഉൽഭവിക്കുകയും പിന്നീട് ലോകത്തിന്റെ മറ്റു ഭാഗങ്ങളിലേക്ക് വ്യാപിക്കുകയുമാണ് ചെയ്തത്. അതിനാൽ ഈജിപ്താണ് നാഗരികതയുടെ കളിത്തൊട്ടിലെന്ന് അവർ വാദിക്കുന്നു.

## ജർമൻ (കോണ്ടിനെന്റൽ) സാംസ്കാരിക വ്യാപനവാദം (German Diffusionism)

ബ്രിട്ടീഷ് വ്യാപനവാദികളുടെ കാഴ്ചപ്പാടിൽനിന്നു വ്യത്യസ്തമായി സംസ്കാരത്തിന്റെ വികാസം ഈജിപ്തിൽ മാത്രമല്ല, ലോകത്തിന്റെ പല ഭാഗങ്ങളിലായി


സംഭവിച്ചതാണെന്നും പിന്നീട് അവ അനുകരണം വഴിയോ കുടിയേറ്റം വഴിയോ ലോകത്തിന്റെ മറ്റു ഭാഗങ്ങളിലേക്ക് വ്യാപിച്ചതാണെന്നുമാണ് ബ്രിട്ടീഷ് വ്യാപനവാദികൾ സമർഥിക്കുന്നത്. ഒരേ സമയത്ത് ഒരേ സ്ഥലത്ത് എല്ലാ കണ്ടുപിടിത്തങ്ങളും സാധ്യമല്ല എന്നും ഇവർ വിശ്വസിക്കുന്നു.

വ്യത്യസ്ത സ്ഥലങ്ങളിൽ വിവിധങ്ങളായ സർക്കിളുകൾ അഥവാ ഡിസ്ട്രിക്റ്റുകൾ രൂപപ്പെടുന്നു. ഓരോ സംസ്കാരഘടകത്തിനും സംസ്കാരഘടക സഞ്ചയത്തിനും ഓരോ സർക്കിൾ അഥവാ ഡിസ്ട്രിക്റ്റ് ഉണ്ട്. അവ പിന്നീട് കുടിയേറ്റം വഴി മറ്റു ഭാഗങ്ങളിലേക്ക് എത്തിച്ചേർന്നു. ഒരു സർക്കിളിൽനിന്ന് മറ്റൊരു സർക്കിളിലേക്ക് അഥവാ ഒരു ഡിസ്ട്രിക്റ്റിൽനിന്ന് മറ്റൊരു ഡിസ്ട്രിക്റ്റിലേക്ക് സംസ്കാരഘടകങ്ങൾ വ്യാപിക്കുന്നു എന്നതിനാൽ ഈ ചിന്താസരണി 'കൾച്ചർ ക്രെയ്സ് സ്കൂൾ', 'കൾച്ചർ സർക്കിൾ സ്കൂൾ, 'കൾച്ചർ ഡിസ്ട്രിക്റ്റ് സ്കൂൾ' എന്നീ പേരുകളാലും അറിയപ്പെടുന്നു. ചരിത്രപരമായ വസ്തുതകളിലൂടെ ഇവ സ്ഥാപിക്കപ്പെടാനാകും എന്നതിനാൽ ഇത് 'കൾച്ചർ ഹിസ്റ്റോറിക് സ്കൂൾ' എന്ന പേരിലും അറിയപ്പെടുന്നു.

### അമേരിക്കൻ സാംസ്കാരിക വ്യാപനവാദം (American Diffusionism)

ഫ്രാൻസ് ബോസ്, ക്ലാർക് വിസ്ലർ, എ.എൽ. ക്രോബർ എന്നിവരാണ് ഈ ചിന്താസരണിയുടെ പ്രധാന വക്താക്കൾ. അമേരിക്കൻ വ്യാപനവാദത്തിന്റെ തുടക്കക്കാരൻ ഫ്രാൻസ് ബോസാണ്. ഇതിലെ പ്രധാന ആശയമാണ് കൾച്ചർ ഏരിയ. ഇതു കൂടാതെ കൾച്ചർ സെന്റർ, കൾച്ചർ മാർജിൻ, കൾച്ചർ ക്ലൈമാക്സ്, ഏജ് ഏരിയ തുടങ്ങിയ ആശയങ്ങളും സാംസ്കാരികവ്യാപനത്തിന്റെ പ്രകൃതത്തെയും പ്രക്രിയയെയും വിശദമാക്കാനായി ഉപയോഗിക്കുന്നു.

ഭൂമിശാസ്ത്രപരമായ പ്രത്യേകതകളുടെ അടിസ്ഥാനത്തിൽ അമേരിക്കൻ വ്യാപനവാദികൾ ലോകത്തെ വ്യത്യസ്ത കൾച്ചർ ഏരിയകളായി വിഭജിച്ചു. ഒരേ രീതിയിലുള്ള സംസ്കാരഘടകങ്ങളും സംസ്കാരഘടക സഞ്ചയങ്ങളും കാണപ്പെടുന്ന മേഖലയാണ് കൾച്ചർ ഏരിയ. അതിനാൽ അമേരിക്കൻ സാംസ്കാരിക വ്യാപനവാദം കൾച്ചർ ഏരിയ സ്കൂൾ എന്നും അറിയപ്പെടുന്നു.




ഓരോ കൾച്ചർ ഏരിയക്കും ഓരോ കൾച്ചർ സെന്റർ ഉണ്ടെന്ന് വിസ്ലർ ചൂണ്ടിക്കാട്ടുന്നു. സാമൂഹികവും സാമ്പത്തികവും രാഷ്ട്രീയവും മതപരവുമായ പ്രവർത്തനങ്ങൾ നിയന്ത്രിക്കുകയും ക്രമീകരിക്കുകയും ചെയ്യുന്ന കൾച്ചർ ഏരിയയിലെ പ്രധാന കേന്ദ്രമാണിത്. ഇവിടെ പരമാവധി സംസ്കാരഘടകങ്ങൾ കാണപ്പെടുകയും ഇവ മറ്റു ഭാഗങ്ങളിലേക്ക് വ്യാപിക്കുകയും ചെയ്യുന്നു. ഒരു സംസ്കാരത്തിലെ പാർശ്വമേഖലയാണ് കൾച്ചർ മാർജിൻ. ഇവിടെ കുറഞ്ഞ തോതിൽ മാത്രമേ സംസ്കാരഘടകങ്ങൾ കാണപ്പെടുന്നുള്ളൂ. ഇത് മറ്റു സംസ്കാരങ്ങളുമായി അതിർത്തി പങ്കിടുന്ന മേഖലമാണ്.

കൾച്ചർ സെന്ററിന് തത്തുല്യമായി എ. എൽ. ക്രോബർ ഉപയോഗിച്ചത് കൾച്ചർ ക്ലൈമാക്സ് എന്ന വാക്കാണ്. ഏറ്റവും കൂടുതൽ സംസ്കാരഘടകങ്ങൾ കാണപ്പെടുകയും മറ്റു ഭാഗങ്ങളിലേക്ക് വ്യാപിക്കുകയും ചെയ്യുന്ന കൾച്ചർ ഏരിയയുടെ ഭാഗമാണ് കൾച്ചർ ക്ലൈമാക്സ്. ജനങ്ങൾക്ക് ഏറ്റവും കൂടുതൽ ബന്ധമുള്ള മേഖലകൂടിയാണിത്.

വിസ്ലർ മുന്നോട്ടു വച്ച മറ്റൊരാശയമാണ് 'ഏജ് ഏരിയ'. ഭൂമിശാസ്ത്രപരമായ വ്യാപനത്തിന്റെ അടിസ്ഥാനത്തിൽ സംസ്കാരഘടകങ്ങളുടെ ആപേക്ഷികമായ പ്രായം കണക്കാക്കുന്ന രീതിയാണിത്. അതായത് കൾച്ചർ സെന്ററിൽനിന്ന് വിദൂരമേഖലയിലേക്ക് വ്യാപിച്ചുകിടക്കുന്ന സംസ്കാരഘടകങ്ങൾ ഏറ്റവും പഴക്കമുള്ളതായിരിക്കും. വിസ്ലറുടെ അഭിപ്രായത്തിൽ പ്രധാനമായും രണ്ടു തരത്തിലുള്ള വ്യാപനങ്ങളുണ്ട്.



ഫ്രാൻസ് ബോസ് (1858-1942) ജർമനിയിലാണ് ജനിച്ചതും വിദ്യാഭ്യാസം നേടിയതും. 1896 ൽ അദ്ദേഹം കൊളംബിയ യൂണിവേഴ്സിറ്റിയിൽ നരവംശശാസ്ത്രവിഭാഗം പ്രൊഫസറായി. 1942ൽ മരണം വരെ ബോസ് അവിടെ സേവനമനുഷ്ഠിച്ചു. അമേരിക്കൻ നരവംശശാസ്ത്രത്തിൽ അദ്ദേഹത്തിന് ഒരു പിതാവിന്റെയും നായകന്റെയും ഗുരുവിന്റെയും സ്ഥാനമാണുള്ളത്. ബോസ് പരിശീലനം നൽകിയ മികച്ച നരവംശശാസ്ത്രജ്ഞരാണ് എം.എഫ്. ആഷ്‌ലി മൊണ്ടാഗ്, റുത്ത് ബെനഡിക്റ്റ്, മാർഗരറ്റ് മീഡ് എന്നിവർ. ഫ്രാൻസ് ബോസിന്റെ ചില പ്രധാന പുസ്തകങ്ങളാണ്: സെൻട്രൽ എക്സിമോ (1888), ക്വാകിറ്റിൽ ടെക്സ്റ്റ് (1925), മൈൻഡ് ഓഫ് പ്രിമിറ്റീവ് മാൻ (1911), പ്രിമിറ്റീവേ ആർട്ട് (1927) എന്നിവ.

1. സ്വാഭാവിക സാംസ്കാരികവ്യാപനം (Natural Diffusion)
2. സംഘടിത സാംസ്കാരികവ്യാപനം (Organised Diffusion)

***സ്വാഭാവിക സാംസ്കാരികവ്യാപനം :*** ഇതിൽ ഒരു സംസ്കാരത്തിലെ സംസ്കാരഘടകങ്ങൾ മറ്റു സംസ്കാരങ്ങളിലെ വ്യത്യസ്ത മേഖലകളിലേക്ക് വ്യാപിക്കുന്നു. സ്വാഭാവികമായ ഏജൻസികളുടെ പ്രവർത്തനഫലമായി വളരെ സാവധാനത്തിൽ നടക്കുന്ന ഇത് കൂടുതൽ സമയമെടുക്കുന്ന പ്രക്രിയയാണ്.

***സംഘടിത സാംസ്കാരികവ്യാപനം :*** ഇത്തരം വ്യാപനത്തിൽ സംസ്കാരഘടകങ്ങൾ വ്യാപിക്കുന്നത് സംഘടിത ഏജൻസികളായ മിഷനറിപ്രവർത്തനങ്ങൾ, സൈന്യത്തിന്റെ കടന്നുകയറ്റം തുടങ്ങിയവയിലൂടെയാണ്. സംഘടിതവ്യാപനം വളരെ വേഗത്തിൽ നടക്കുന്ന പ്രക്രിയയാണ്.

ആദ്യകാല വേദകാലഘട്ടത്തിലെയും വേദാനന്തരകാലഘട്ടത്തിലെയും വിശ്വാസങ്ങളെയും ബുദ്ധിസം, ജൈനിസം എന്നിവയുടെയും ഇന്ത്യൻ സാഹചര്യങ്ങളിൽ നടന്ന സാംസ്കാരികവ്യാപനത്തെ കുറിച്ച് ചർച്ചചെയ്യുകയും ചർച്ചാക്കുറിപ്പ് തയാറാക്കുകയും ചെയ്യുക.

ഇവിടെ ഇതുവരെ പരാമർശിക്കപ്പെട്ട നരവംശശാസ്ത്രജ്ഞരെല്ലാവരും സംസ്കാരത്തിന്റെ ഉൽഭവത്തിലും പരിണാമത്തിലുമോ അവയുടെ ചരിത്രപരമായ വിശദീകരണങ്ങളിലോ താൽപ്പര്യമുള്ളവരായിരുന്നു. മറ്റു ചിലർ സംസ്കാരം ഒരു മേഖലയിൽനിന്ന്

മറ്റൊരു മേഖലയിലേക്ക് വ്യാപിക്കുന്നതുമായി ബന്ധപ്പെട്ട് വിശദീകരണങ്ങൾ നൽകി. എന്നാൽ 20-ാം നൂറ്റാണ്ടിന്റെ ആരംഭത്തോടെ മലിനോവ്സ്കിയും റാഡ്ക്ലിഫ് ബ്രൗണും സാംസ്കാരികവിശകലനങ്ങൾക്ക് മറ്റൊരു സമീപനരീതി മുന്നോട്ടു വച്ചു. മലിനോവ്സ്കി ധർമ്മവാദവും (Functionalism) റാഡ്ക്ലിഫ് ബ്രൗൺ ഘടനാധർമ്മവാദവും (Structure Functionalism) അവതരിപ്പിച്ചു.

## ധർമ്മവാദം (Functionalism)

ധർമ്മം എന്നത് പഴയൊരു ആശയമാണ്. ഉദാഹരണമായി മനുഷ്യശരീരത്തിലെ ഓരോ അവയവത്തിന്റെയും പ്രവർത്തനങ്ങൾ പരിശോധിച്ചാൽ ഒരു ധർമ്മവും നിർവഹിക്കാത്ത ഒരവയവും കണ്ടെത്താൻ കഴിയില്ല. ഓരോ അവയവവും വ്യത്യസ്ത രീതിയിലാണ് പ്രവർത്തിക്കുന്നത് എങ്കിലും അവ ഓരോന്നും പരസ്പരപൂരിതവും പരസ്പരബന്ധിതവുമാണ്. ഇവയുടെ പ്രവർത്തനങ്ങളുടെ ആത്യന്തികലക്ഷ്യമെന്താണ്? ശരീരത്തിന്റെ നിലനിൽപ്പ്. അതുപോലെ ഒരു സംസ്കാരത്തിൽ വ്യത്യസ്ത ഭാഗങ്ങൾക്ക്- സ്ഥാപനങ്ങൾ- വ്യത്യസ്ത ധർമ്മങ്ങൾ നിർവ്വഹിക്കാനുണ്ട്. പോളണ്ടിൽ ജനിച്ച ബ്രിട്ടീഷ് നരവംശശാസ്ത്രജ്ഞനായ മലിനോവ്സ്കിയുടെ നിലപാടെന്തെന്ന് നമുക്ക് പരിശോധിക്കാം




1884-ൽ പോളണ്ടിലാണ് മലിനോവ്സ്കി ജനിച്ചത്. അദ്ദേഹം ഫിസിക്സിലും കണക്കിലും പി.എച്ച്.ഡി. നേടി. ഫ്രേയ്സറിന്റെ പുസ്തകമായ ഗോൾഡൻ ബോ വായിക്കാൻ അദ്ദേഹത്തിന് അവസരം ലഭിക്കുകയും പിന്നീട് നരവംശശാസ്ത്രത്തിലേക്ക് ആകർഷിക്കപ്പെടുകയും ചെയ്തു. ലണ്ടൻ സ്കൂൾ ഓഫ് ഇക്കണോമിക്സിൽ അദ്ദേഹം ബിരുദാനന്തരബിരുദ വിദ്യാർഥിയായി. അക്കാലത്തെ ഏറ്റവും വലിയ ഫീൽഡ് വർക്കർ ആയ സി.ജി. സലിഗ്മാന്റെ കീഴിൽ മലിനോവ്സ്കി പരിശീലനം നേടി. മറ്റെല്ലാ നരവംശശാസ്ത്രജ്ഞരെക്കാളും ഉപരിയായി മലിനേഷ്യയിലെ ട്രോബിയന്റ് ദ്വീപ് നിവാസികളുടെ ഒരൊറ്റ പഠനത്തിനായി അദ്ദേഹം ദീർഘകാലം ചെലവഴിച്ചു. മാത്രമല്ല, തദ്ദേശീയഭാഷയിൽ പഠനം നടത്തിയ ആദ്യ നരവംശശാസ്ത്രജ്ഞൻ കൂടിയാണദ്ദേഹം. ഫീൽഡ് വർക്ക് നടത്തുന്ന സമയത്ത് എല്ലാ ഗവേഷകരും എത്നോ ഗ്രാഫിക് ഡയറി എഴുതണമെന്നും പങ്കാളിത്തനിരീക്ഷണത്തിലൂടെ (Participant Observation) പഠനം നടത്തണമെന്നും അദ്ദേഹം നിർദേശിച്ചു.

### മലിനോവ്സ്കിയുടെ ധർമ്മവാദം

മനുഷ്യന്റെ ആവശ്യങ്ങൾ പൂർത്തീകരിക്കാനുള്ള ഒരുപകരണമാണ് സംസ്കാരമെന്നാണ് ബി.കെ. മലിനോവ്സ്കി പറയുന്നത്. ധർമ്മവാദപ്രകാരം സംസ്കാരത്തിലെ സ്ഥാപനങ്ങൾ മനുഷ്യന്റെ ആവശ്യങ്ങൾ പൂർത്തീകരിക്കാൻ വേണ്ടിയും അതുവഴി സമൂഹത്തിന്റെ മുഴുവൻ ആവശ്യങ്ങൾ പൂർത്തീകരിക്കുന്നതിനുമാണ് പ്രവർത്തിക്കുന്നത്. സംസ്കാരം മനുഷ്യന്റെ ആവശ്യങ്ങൾ പൂർത്തീകരിക്കാനുള്ള ഒരുപാധിയാണ്. അദ്ദേഹത്തിന്റെ കാഴ്ചപ്പാടിൽ സംസ്കാരത്തിന്റെ എല്ലാ വശങ്ങൾക്കും ഓരോ ധർമ്മമുണ്ട്. അവയെല്ലാം പരസ്പരബന്ധിതവും പരസ്പരാശ്രിതവുമാണ്. ഇതിനായി അദ്ദേഹം ഒരു എൻജിന്റെ ഉദാഹരണം നൽകുന്നു. എൻജിൻ ചലിപ്പിക്കുകയെന്നതാണ് ഇതിന്റെ ഓരോ ഭാഗത്തിന്റെയും ധർമ്മം. എൻജിന്റെ ഏതെങ്കിലും ഒരു ഭാഗത്തിന്റെ പ്രവർത്തനം നിൽക്കുകയാണെങ്കിൽ അതിന്റെ പ്രവർത്തനവും നിൽക്കുന്നു. എൻജിന്റെ വിവിധഭാഗങ്ങളുടെ ധർമ്മപരമായ

ഐക്യമാണ് ഇത് കാണിക്കുന്നത്. ഇതേ രീതിയിൽ സാംസ്കാരികഘടകങ്ങളും സ്ഥാപനങ്ങളും സംസ്കാരത്തിന്റെ മൊത്തം പ്രവർത്തനത്തെ സ്വധീനിക്കുന്നു. അതായത് ഓരോ സാംസ്കാരികഘടകവും സാംസ്കാരികസ്ഥാപനവും ഓരോരോ ധർമ്മം നിർവഹിക്കുന്നു. ഇവ പരസ്പരബന്ധിതമായും പരസ്പരാശ്രിതത്വത്തോടെയും പ്രവർത്തിക്കുകവഴി ഒരു സംസ്കാരത്തിലെ മനുഷ്യരുടെ ആവശ്യങ്ങൾ പൂർത്തീകരിക്കുന്നു. പ്രവർത്തനരഹിതമായ സംസ്കാരഘടകങ്ങൾക്ക് അതിജീവനം സാധ്യമല്ല.




പ്രവർത്തനരഹിതമായ സംസ്കാരഘടകങ്ങൾ നിലനിൽക്കുന്നതായി നിങ്ങളുടെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

പ്രവർത്തനരഹിതമായ സംസ്കാരഘടകങ്ങളുടെ പേരെഴുതുക:

- ..................
- ..................

മലിനോവ്സ്കി വിഭാവനംചെയ്ത പ്രകാരം സാമൂഹികവ്യവസ്ഥയിലെ ഓരോ സ്ഥാപനത്തിനും പ്രവർത്തനക്ഷമരായ വ്യക്തികൾ, ഒരുകൂട്ടം ചട്ടങ്ങളും നിയമങ്ങളും, സാങ്കേതികവിദ്യകൾ, പ്രവർത്തനങ്ങൾ, ധർമ്മം എന്നിവയുണ്ട്.

### മലിനോവ്സ്കിയുടെ ആവശ്യകതാസിദ്ധാന്തം (Malinowski's Theory of Need)

സംസ്കാരഘടകങ്ങളും സംസ്കാരസ്ഥാപനങ്ങളും മനുഷ്യരുടെ ആവശ്യങ്ങൾ പൂർത്തീകരിക്കാനുള്ള മാർഗങ്ങളാണ്. മനുഷ്യർക്ക് സാമൂഹികവും സാമ്പത്തികവും മതപരവും ജീവശാസ്ത്രപരവും ശാരീരികവും മാനസികവുമായ വിവിധ ആവശ്യങ്ങളുണ്ട്. ഇത്തരം ആവശ്യങ്ങളുടെ പൂർത്തീകരണത്തിനായി സാമൂഹികവും മതപരവും സാമ്പത്തികവും രാഷ്ട്രീയവുമായ സ്ഥാപനങ്ങൾ മനുഷ്യർ സൃഷ്ടിച്ചിട്ടുണ്ട്. ആവശ്യങ്ങളോരോന്നും ഒരു രീതിയിൽ അല്ലെങ്കിൽ മറ്റൊരു രീതിയിൽ പരസ്പരം ബന്ധിതമാണ്. ധർമ്മവാദസമീപനപ്രകാരം വ്യക്തികളുടെയും സമൂഹത്തിന്റെ മുഴുവനായുമുള്ള ആവശ്യങ്ങൾ പൂർത്തീകരിക്കുന്നതിനാണ് സാംസ്കാരികസ്ഥാപനങ്ങൾ പ്രവർത്തിക്കുന്നത്. മലിനോവ്സ്കിയുടെ മരണാനന്തരം പ്രസിദ്ധീകരിച്ച പുസ്തകമായ സയന്റിഫിക് തിയറി ഓഫ് കൾച്ചർ (1994) പ്രകാരം മൂന്നു തലങ്ങളിലുള്ള സാമൂഹിക ആവശ്യങ്ങളാണ് നിലനിൽക്കുന്നത്.

1. പ്രാഥമികമായ/ അടിസ്ഥാനപരമായ/ ജീവശാസ്ത്രപരമായ ആവശ്യങ്ങൾ (Primary Needs)
2. പ്രേരകമായ ആവശ്യങ്ങൾ (Instrumental Needs)
3. ഉദ്ഗ്രഥിത ആവശ്യങ്ങൾ ( Integrative Needs)

ഭക്ഷണം, ലൈംഗികത എന്നിവ പ്രാഥമിക ആവശ്യങ്ങളിൽ ഉൾപ്പെടുന്നു. സാംസ്കാരികസ്ഥാപനങ്ങളായ വിവാഹം, കുടുംബം, ബന്ധുത്വം എന്നിവയിലൂടെയാണ് ഇവ

പൂർത്തീകരിക്കപ്പെടുന്നത്. പ്രാഥമിക ആവശ്യങ്ങൾ നേടാൻ സഹായിക്കുന്ന സ്ഥാപനങ്ങളായ സാമ്പത്തികം, വിദ്യാഭ്യാസം, നിയമം, രാഷ്ട്രീയം എന്നിവ പ്രേരകമായ ആവശ്യങ്ങൾ പൂർത്തീകരിക്കുന്നു. സമൂഹത്തെ ഐക്യപ്പെടുത്താൻ സഹായിക്കുന്നവയാണ് ഉദ്ഗ്രഥിത ആവശ്യങ്ങൾ. അറിവ്, മതം, മന്ത്രവാദം,കല, സദാചാരം, മൂല്യങ്ങൾ എന്നിവ ഇതിൽ ഉൾപ്പെടുന്നു. ജീവശാസ്ത്രപരവും മനശ്ശാസ്ത്രപരവും സാംസ്കാരികവുമായ ബന്ധങ്ങളുടെ ധർമ്മപരമായ വികസനത്തിന് ആവശ്യസിദ്ധാന്തം അടിത്തറപാകുന്നു

മുകളിൽ നൽകിയ ചർച്ചയിൽനിന്നു മലിനോവ്സ്കി നിർദേശിച്ച ധർമ്മവാദത്തിന്റെ പ്രത്യേകതകൾ പട്ടികപ്പെടുത്തി വിശദീകരിക്കുക.

മലിനോവ്സ്കിയുടെ ധർമ്മവാദത്തിന് അടുത്തുനിൽക്കുന്ന സിദ്ധാന്തമാണ് റാഡ്ക്ലിഫ് ബ്രൗണിന്റെ ഘടനാധർമ്മവാദം. മലിനോവ്സ്കിയുടെ അഭിപ്രായത്തിൽ സമൂഹം വ്യക്തികളുടെ ആവശ്യങ്ങൾ പൂർത്തീകരിക്കുന്നു. എന്നാൽ ബ്രൗണിന്റെ കാഴ്ചപ്പാടിൽ സമൂഹം ഘടന നിലനിർത്താനാണ് സഹായിക്കുന്നത്.

## ഘടനാധർമ്മവാദം (Structural Functionalism)

ഘടനയുടെ പശ്ചാത്തലത്തിൽ ധർമ്മം എങ്ങനെ വിശകലനം ചെയ്യാം എന്നതാണ് ആൽഫ്രഡ് റെജിനാൾഡ് റാഡ്ക്ലിഫ് ബ്രൗൺ കാണിച്ചുതരുന്നത്. അതിനാൽ അദ്ദേഹത്തെ ഘടനാധർമ്മ സൈദ്ധാന്തികനായി പരിഗണിക്കപ്പെടുന്നു

### എ ആർ റാഡ്ക്ലിഫ് ബ്രൗണിന്റെ ഘടനാധർമ്മവാദം

സ്ട്രക്ചർ ആന്റ് ഫങ്ഷൻ ഇൻ പ്രിമിറ്റീവ് സൊസൈറ്റീസ് (1952) എന്ന പുസ്തകത്തിൽ റാഡ്ക്ലിഫ് ബ്രൗൺ തന്റെ ആശയങ്ങളായ സാമൂഹികഘടന, അതിന്റെ ധർമ്മം എന്നിവ വ്യക്തമാക്കുന്നു. അദ്ദേഹത്തിന്റെ അഭിപ്രായത്തിൽ ഘടന എന്നത് വ്യത്യസ്തഘടകങ്ങളെ പരസ്പരബന്ധിതമായി ക്രമീകരിക്കുന്നതാണ്. ഉദാഹരണമായി, ഒരു വീടിന്റെ ഘടന ചുമർ, മേൽക്കൂര, മുറികൾ, ജനലുകൾ, വാതിലുകൾ തുടങ്ങിയവയുടെ ക്രമീകരണമാണ്. അതുപോലെ മനുഷ്യശരീരത്തിന്റെ ഘടനയിൽ വ്യത്യസ്തമായ അവയവങ്ങൾ, കോശങ്ങൾ, കലകൾ, എല്ലുകൾ തുടങ്ങിയവ ഉൾപ്പെടുന്നു.



ഇംഗ്ലണ്ടിലെ ബർമിങ്ഹാമിലാണ് എ.ആർ. റാഡ്ക്ലിഫ് ബ്രൗൺ (1881-1955) ജനിച്ചത്. മനശ്ശാസ്ത്രത്തിൽ ഡബ്ല്യു. എച്ച്.ആർ. റിവേഴ്സിന്റെ വിദ്യാർഥിയായാണ് അദ്ദേഹം പ്രവർത്തനമാരംഭിച്ചതെങ്കിലും 1904ൽ കേംബ്രിഡ്ജ്സർവ്വകലാശാലയിൽ സാമൂഹിക നരവംശശാസ്ത്രത്തിൽ റിവേഴ്സിന്റെ ആദ്യ വിദ്യാർഥിയായി മാറി. 1906ൽ അദ്ദേഹത്തെ ആന്തമാൻ ദ്വീപസമൂഹങ്ങളിലേക്കയച്ചു. 1908വരെ ബ്രൗൺ അന്തമാനീസ് ഐതിഹ്യങ്ങളും ആഘോഷങ്ങളും ആചാരങ്ങളും കർത്തവ്യബോധത്തോടെ പകർത്തി. 1922-ൽ ബ്രൗണിന്റെ പുസ്തകമായ 'ദി അന്തമാൻ ഐലന്റേഴ്സ്' പ്രസിദ്ധീകരിച്ചു. സിഡ്നി, കേപ്ടൗൺ, ഷിക്കാഗോ, ഓക്സ്ഫോഡ് തുടങ്ങി നിരവധി സർവകലാശാലകളിൽ അദ്ദേഹം സാമുഹ്യ നരവംശശാസ്ത്രം പഠിപ്പിച്ചു. ധാരാളം ബ്രിട്ടീഷ് നരവംശശാസ്ത്രജ്ഞരെ വാർത്തെടുക്കുന്നതിന് ഇത് സഹായിച്ചു.

സാമൂഹികഘടനയിലെ ആത്യന്തികഘടകം വ്യക്തികൾ അഥവാ മനുഷ്യർ ആണ്. വ്യക്തികളുടെ പരസ്പരബന്ധിതമായ ക്രമീകരണമാണ് സാമൂഹികഘടന. സമൂഹത്തിൽ

വ്യക്തികളെ വ്യത്യസ്ത സാമൂഹിക യൂണിറ്റുകളായും സ്ഥാപനങ്ങളായും ക്രമപ്പെടുത്തിയിരിക്കുന്നു. ഇതിൽ ഓരോ സാമൂഹിക യൂണിറ്റുകളും അവയുടെ പ്രത്യേകധർമ്മം നിർവഹിക്കുന്നുണ്ട്. അവ പരസ്പരബന്ധിതമായും പരസ്പരാശ്രിതത്തോടെയും പ്രവർത്തിച്ച് സാമൂഹികഘടന നിലനിൽക്കുന്നതിന് കാരണമാവുന്നു.

ഉദാഹരണമായി ഒരു ഗ്രാമത്തിന്റെ ഘടനയിൽ വ്യക്തികളെ കുടുംബങ്ങളായി ക്രമീകരിച്ചിരിക്കുന്നു. കുടുംബത്തിന്റെ ഘടനയിൽ അച്ഛൻ, അമ്മ, സഹോദരൻ, സഹോദരി, അമ്മാവൻ തുടങ്ങിയവർ തമ്മിലുള്ള പരസ്പരബന്ധങ്ങളാണുള്ളത്. അതായത് സാമൂഹികജീവിതത്തിന്റെ ഘടനയുടെ പ്രത്യേകതകളിൽ സാമൂഹികസംഘങ്ങളും അവയുടെ ആന്തരികഘടനയും ഉൾപ്പെടുന്നു.

**സാമൂഹികഘടനയുടെ ഇനങ്ങൾ:** സാമൂഹികസ്ഥാപനങ്ങളാൽ നിയന്ത്രിതമായ വ്യക്തികളുടെ തുടർച്ചയായ ക്രമീകരണമാണ് സാമൂഹികഘടനയെന്ന് നാം കണ്ടുകഴിഞ്ഞു. ജനനം, മരണം, വിവാഹം തുടങ്ങിയവ കാരണം ഒരു സമൂഹത്തിൽ വ്യക്തികളും സംഘങ്ങളും മാറിക്കൊണ്ടിരിക്കുന്നു. ഇത് സമൂഹത്തിന്റെ ഘടനയെ ബാധിക്കുന്നു. ഇതിന്റെ അടിസ്ഥാനത്തിൽ റാഡ്ക്ലിഫ് ബ്രൗൺ സാമൂഹികഘടനയെ രണ്ടായി വർഗീകരിച്ചിരിക്കുന്നു.

1. യഥാർഥ സാമൂഹികഘടന (Actual Social Structure)
2. പൊതുസാമൂഹികഘടന (General Social Structure)

യഥാർഥ സാമൂഹികഘടന സമൂഹത്തിന്റെ ആന്തരികഘടനയാണ്. കാലങ്ങളായി മാറിക്കൊണ്ടിരിക്കുന്ന വ്യക്തികളോ സംഘങ്ങളോ തമ്മിലുള്ള ബന്ധങ്ങളാണിത്. ജനനം, പുറമേനിന്നുള്ള കുടിയേറ്റം എന്നിവ കാരണം പുതിയ ആളുകൾ സമൂഹത്തിലേക്ക് വരുകയും മരണം, പുറത്തേക്കുള്ള കുടിയേറ്റം എന്നിവ കാരണം ആളുകൾ ഈ സമൂഹത്തിൽനിന്ന് പുറത്തേക്ക് പോവുകയും ചെയ്യുന്നു. ഇതിന് പുറമേ വിവാഹം, വിവാഹമോചനം എന്നിവ വഴിയും സമൂഹത്തിലെ അംഗങ്ങൾ പലപ്പോഴായി മാറിക്കൊണ്ടിരിക്കുന്നു.

പൊതുവായ ഘടനയെന്നത് സമൂഹത്തിന്റെ ബാഹ്യമായ ഘടനയാണ്. സാമൂഹിക സ്ഥാപനങ്ങളാൽ രൂപീകൃതമായ അത് പൊതുവേ സ്ഥിരസ്വഭാവമുള്ളതാണ്. സമൂഹത്തിൽ ജനനവും മരണവും നടക്കുന്നുവെങ്കിലും സമൂഹത്തിന്റെ പൊതുഘടന മാറ്റമില്ലാത്തതാണ്. ഉദാഹരണമായി ജനനം, മരണം, വിവാഹം എന്നിവ വഴി ഒരു കുടുംബത്തിന്റെ യഥാർത്ഥ ഘടനയിൽ മാറ്റം സംഭവിക്കുമെങ്കിലും ഒരു വലിയ കാലഘട്ടത്തിൽ കുടുംബമെന്ന സ്ഥാപനം പൊതുവേ സ്ഥിരസ്വഭാവമുള്ളതാണ്.

**സാമൂഹികഘടനയും സാമൂഹിക സംവിധാനവും (Social Structure and Social Organisation)** സാമൂഹികഘടനയും സാമൂഹികസംഘാടനവും തമ്മിലുള്ള വ്യത്യാസങ്ങൾ റാഡ്ക്ലിഫ് ബ്രൗണിക് വ്യക്തമാക്കുന്നു. വ്യക്തികളുടെ ക്രമീകരണമാണ് സാമൂഹിക ഘടന എന്നതുകൊണ്ടുദ്ദേശിക്കുന്നത്. എന്നാൽ രണ്ടോ അതിലധികമോ വ്യക്തികളുടെ പ്രവർത്തനങ്ങളുടെ ക്രമീകരണമാണ് സാമൂഹികസംഘാടനം. ഉദാഹരണമായി ഒരു ഫാക്ടറിയിലെ സാമൂഹികസംഘാടനമെന്നത് അവിടെയുള്ള മാനേജർ, ഫോർമാൻ, മറ്റു തൊഴിലാളികൾ എന്നിവരുടെ പ്രവർത്തനങ്ങളുടെ ക്രമീകരണമാണ്.

സമൂഹത്തിന്റെ ഘടന എന്തിനാണ് നമ്മൾ പഠിക്കുന്നത്?

സമൂഹത്തെ മുഴുവനായി മനസ്സിലാക്കാൻ സറാപനവൽകൃതസമൂഹങ്ങളിലെ വ്യക്തി ബന്ധങ്ങളുടെ ക്രമീകരണം പഠിക്കേണ്ടത് അത്യാവശ്യമാണ്.

റാഡ്ക്ലിഫ് ബ്രൗണിന്റെ കാഴ്ചപ്പാടിനൊപ്പം ഫ്രഞ്ച് നരവംശശാസ്ത്രജ്ഞനായ ക്ലോഡ് ലെവി സ്ട്രോസ്സിന്റെ സാമൂഹികവിശകലനവുമായി ബന്ധപ്പെട്ട സമീപനരീതി എന്താണെന്ന് മനസ്സിലാക്കാം. അദ്ദേഹത്തിന്റെ സിദ്ധാന്തം ഘടനാവാദം (Structuralism)എന്നറിയപ്പെടുന്നു.

### ഘടനാവാദം (Structuralism)

വ്യത്യസ്ത ഘടകങ്ങളുടെ ക്രമീകൃതമായ അവസ്ഥയാണ് ഘടന എന്ന ബ്രൗണിന്റെ വാദത്തെ ലെവി സ്ട്രോസ്സ് അനുകൂലിക്കുന്നു. എന്നാൽ സാമൂഹികയാഥാർത്ഥ്യത്തിന്റെ യഥാർഥതലമാണ് അത് എന്ന വാദത്തെ അദ്ദേഹം നിരാകരിക്കുന്നു. സാമൂഹികഘടനയാണ് യാഥാർഥ്യം എന്ന് ബ്രൗൺ വിശ്വസിച്ചിരുന്നു. ലെവി സ്ട്രോസ്സിന്റെ അഭിപ്രായത്തിൽ ഭൗതികയാഥാർഥ്യങ്ങൾക്ക് സാമൂഹികഘടനയിൽ ഒന്നും ചെയ്യാനില്ല. മറിച്ച് അതുവഴി രൂപീകരിക്കുന്ന മാതൃകകൾക്കാണ് പ്രാധാന്യം. സാമൂഹികബന്ധങ്ങൾ ഇത്തരം മാതൃകകൾ നിർമ്മിക്കാനുള്ള അസംസ്കൃതവസ്തുക്കൾ മാത്രമാണ്. സാമൂഹികഘടനയെ വെറും സാമൂഹികബന്ധങ്ങളാക്കി പരിമിതപ്പെടുത്താൻ കഴിയില്ല. ഇത്തരം മാതൃകകൾ ഒരു വ്യവസ്ഥയുടെ പ്രത്യേകതകൾ കാണിക്കുന്നവയാകണം. ലെവി സ്ട്രോസ്സിന്റെ അഭിപ്രായത്തിൽ സാമൂഹികപഠനങ്ങൾക്കായി പ്രയോഗിക്കുന്ന ഒരു രീതിയാണത്.



ഫ്രഞ്ച് നരവംശശാസ്ത്രജ്ഞനായ ക്ലോഡ് ലെവി സ്ട്രോസ്സ് 1908-ൽ ബൽജിയത്തെ ബ്രസ്സൽസിൽ ജനിച്ചു. ആധുനിക നരവംശശാസ്ത്രത്തിന്റെ പിതാവ് എന്നും അദ്ദേഹത്തെ വിളിക്കാറുണ്ട്. ഘടനാപരമായ വിശകലനരീതികൾ പ്രയോഗത്തിൽ വരുത്തുകവഴി സ്ട്രോസ്സ് സാമൂഹ്യ നരവംശശാസ്ത്രത്തിൽ പ്രസിദ്ധനായി. ബ്രസീൽ ഇൻഡ്യൻസിനിടയിൽ അദ്ദേഹം ഫീൽഡ് ഗവേഷണങ്ങൾ നടത്തി. സ്വിസ് ലിംഗ്വിസ്റ്റായ സോഷറിനെ അദ്ദേഹം പരിചയപ്പെടുകയും സാംസ്കാരികവിശകലനത്തിൽ സെമിയോളജിയുടെ പ്രാധാന്യം ബോധ്യപ്പെടുകയും ചെയ്തു. അദ്ദേഹത്തിന്റെ പ്രധാന പുസ്തകങ്ങളിൽ ഉൾപ്പെടുന്നവയാണ് ദി എലിമെന്ററി സ്ട്രക്ചർ ഓഫ് കിൻഷിപ്പ് (1949), ട്രിസ്റ്റഡ് ട്രോപികസ് (1955), സ്ട്രക്ചറൽ ആന്ത്രോപോളജി (1958), ദി സേവേജ് മൈന്റ് (1962), മിത്തോളജിക്കസ് (4 വോള്യം1964-72), ദി റോ ആന്റ് ദി കുക്ക്ഡ് (1970) എന്നിവ.

വ്യത്യസ്തമായ സാംസ്കാരികരീതികൾ വിശദമാക്കാനായി അദ്ദേഹം അതിനെ മനശ്ശാസ്ത്രപരമായ ഘടകങ്ങളുമായും പ്രക്രിയകളുമായും ബന്ധപ്പെടുത്തുന്നു. കല, അനുഷ്ഠാനങ്ങൾ, നിത്യജീവിതത്തിലെ രീതികൾ എന്നിവയെ സംസ്കാരത്തിന്റെ ആവിഷ്കാരമായാണ് അദ്ദേഹം കണക്കാക്കുന്നത്. മനുഷ്യമനസ്സിന്റെ ആന്തരികഘടനയുടെ ബാഹ്യാവിഷ്കാരമായാണ് ഐതിഹ്യങ്ങൾ, കലകൾ, അനുഷ്ഠാനങ്ങൾ, പുരാണങ്ങൾ എന്നിവയെ ലെവി സ്ട്രോസ്സ് ബന്ധപ്പെടുത്തുന്നത്. മനുഷ്യമനസ്സ് ദ്വിമുഖപ്രക്രിയയിലൂടെ കടന്നുപോകുന്നതായി അദ്ദേഹം അഭിപ്രായപ്പെടുന്നു. അതായത് മനുഷ്യമനസ്സിന് ബോധവും അബോധവുമായ തലങ്ങളുണ്ട്. തനിക്ക് ചുറ്റുമുള്ള കാര്യങ്ങളെ മനുഷ്യൻ എങ്ങനെയാണ് ഗ്രഹിക്കുന്നത് എന്നറിയാനാണ് അദ്ദേഹം ശ്രമിച്ചത്.



റാഡ് ക്ലിഫ് ബ്രൗണിന്റെ ഘടനാപരമായ ധർമ്മവാദത്തിന്റെയും ലെവിസ്ട്രോസ്സിന്റെ ഘടനാവാദത്തിന്റെയും വ്യത്യാസങ്ങൾ കാണിക്കുന്ന ഒരു ചാർട്ട് തയാറാക്കുക.

സാംസ്കാരിക പരിണാമവാദികൾ, സാംസ്കാരികവ്യാപനവാദികൾ, ധർമ്മവാദികൾ, ഘടനാവാദികൾ എന്നിവർ നിർദേശിച്ച സാമൂഹിക-സാംസ്കാരികപഠനങ്ങൾ സാംസ്കാരിക ആചാരങ്ങൾ മനസ്സിലാക്കുന്നതിന് സഹായിക്കുന്നുണ്ടോ?

ചില ആചാരങ്ങൾ ഉണ്ടാവുന്നതിന് കാരണമെന്താണ്?

വ്യക്തിത്വം സംസ്കാരത്തെയോ സംസ്കാരം വ്യക്തിത്വത്തെയോ സ്വാധീനിക്കുന്നുണ്ടോ?

ഇത്തരം ചോദ്യങ്ങൾക്ക് ഉത്തരം ലഭിക്കുന്നതിനായി 1920 കളിൽ നരവംശശാസ്ത്രജ്ഞർ സാംസ്കാരികരീതികളെയും വ്യക്തികളുടെ മനസ്സിനെയും വിശകലനം ചെയ്യുകയുണ്ടായി. ഇതിന്റെ ഫലമായി നരവംശശാസ്ത്രത്തിൽ രൂപംകൊണ്ട ചിന്താസരണി മനോനരവംശശാസ്ത്രം (Psychological Anthropology)എന്നറിയപ്പെടുന്നു. സംസ്കാരവും വ്യക്തിത്വവും തമ്മിലുള്ള ബന്ധം പരിശോധിക്കുകയാണ് ഈ ചിന്താസരണിയുടെ ലക്ഷ്യം.

## മനോനരവംശശാസ്ത്രം/സംസ്കാര – വ്യക്തിത്വ ചിന്താസരണി (Psychological Anthropology/ Culture and Personality School of Thought)

*സംസ്കാരം എന്താണെന്ന് നാം പഠിച്ചുകഴിഞ്ഞു. ഈ ചിന്താസരണി പ്രകാരം സംസ്കാരം ആർജിച്ചെടുത്തതും അനുകരണങ്ങളിലൂടെ നേടിയതും പഠിച്ചെടുത്തതുമാണ്. കൗമാരപ്രായത്തിന് മുന്നേ സ്വഭാവരൂപീകരണവും വ്യക്തിത്വവികാസവും നടക്കുന്നത് സംസ്കാരം വഴിയാണ്.*

*വ്യക്തികളുടെ ശാരീരികവും മാനസികവും സാമൂഹികവുമായ ഗുണങ്ങളുടെ സമഗ്രവും ചലനാത്മകവുമായ സംഘാടനമാണ് വ്യക്തിത്വം.* **ഒരു വ്യക്തിയുടെ പൊതുവായതും സ്ഥിരതയുള്ളതുമായ സ്വഭാവരീതിയാണത്.**




അമേരിക്കൻ നരവംശശാസ്ത്രജ്ഞയായ റുത്ത് ബെനഡിക്റ്റ് 1887 ജൂൺ 5 ന് ന്യൂയോർക്ക് സ്റ്റേറ്റിൽ ജനിച്ചു. അമേരിക്കൻ നരവംശശാസ്ത്രത്തിന്റെ പിതാമഹനായ ഫ്രാൻസ് ബോസിനെയും പിന്നീട് മാർഗരറ്റ് മീഡിനെയും ബെനഡിക്റ്റ് പരിചയപ്പെടാനിടയാവുകയും ഫ്രാൻസ് ബോസ് ബെനഡിക്റ്റിന് ഒരു മാർഗദർശിയാവുകയും ചെയ്തു. ബോസ്, റുത്ത്, മീഡ് ത്രയം നരവംശശാസ്ത്രത്തിന്റെ വികാസത്തിന് വളരെയേറെ സംഭാവനകൾ നൽകുകയുണ്ടായി. ബെനഡിക്റ്റിന്റെ പാറ്റേൺസ് ഓഫ് കൾച്ചർ എന്ന പുസ്തകത്തിൽ പ്യൂബ്ലോ (സുനി) ഇന്ത്യൻസ്, ന്യൂ ഗിനിയയിലെ ദോബു, വടക്കുപടിഞ്ഞാറൻതീരത്തെ ക്വാകിറ്റിൽ എന്നീ സമൂഹങ്ങളുടെ എത്നോഗ്രാഫിക് വിവരണങ്ങൾ നൽകുന്നു. വ്യക്തിത്വമാണ് സംസ്കാരത്തെ നിർണയിക്കുന്നത് എന്ന സിദ്ധാന്തത്തിനടിസ്ഥാനം സുനിസമുദായത്തിൽ നടത്തിയ ഫീൽഡ് വർക്കാണ്. ഈ സംസ്കാരങ്ങളുടെ പഠനത്തിലൂടെ സംസ്കാരവും വ്യക്തിത്വവും തമ്മിലുള്ള പരസ്പരബന്ധത്തെ ബെനഡിക്റ്റ് അനാവരണം ചെയ്യുന്നു. 'ക്രൈസാന്തമം ആന്റ് ദി സ്വോർഡ്' (1946) എന്ന തന്റെ പ്രശസ്ത പുസ്തകത്തിലാണ് അദ്ദേഹം കൾച്ചർ പാറ്റേൺ എന്ന ആശയം അവതരിപ്പിക്കുന്നത്. 1948 സെപ്തംബർ 17 ന് 69-ാം വയസ്സിൽ റുത്ത് ബെനഡിക്റ്റ് അന്തരിച്ചു.

വ്യക്തിത്വത്തെ കുറിച്ച് ചർച്ചചെയ്യുമ്പോൾ ഒരാളുടെ ബാഹ്യമായ പ്രകൃതവും പ്രകടനവുമാണെന്ന പൊതുധാരണ ഉണ്ടാവാറുണ്ട്. എന്നാൽ വ്യക്തിത്വത്തിന് മറ്റു പല പ്രത്യേകതകളുമുണ്ട്.

- വ്യക്തിത്വം ആർജിച്ചെടുത്തതാണ്.
- ഓരോ വ്യക്തിത്വവും അതുല്യമാണ്.
- വ്യക്തിത്വം പൊതു ഇടപഴകലിലൂടെ സ്വാധീനിക്കപ്പെടുന്നതാണ്.
- വ്യക്തിത്വം ഒരാളുടെ സ്ഥായിയായ പ്രത്യേകതയാണ്.
- വ്യക്തിത്വം നിഗൂഢമായൊരു പ്രതിഭാസമല്ല.
- വ്യക്തിത്വം ശാരീരികഘടനയെ മാത്രം ആശ്രയിച്ചുള്ളതല്ല.

അങ്ങനെയാണെങ്കിൽ വ്യക്തിത്വരൂപീകരണത്തെ നിർണയിക്കുന്ന ഘടകങ്ങളേതൊക്കെയാണ്? തീർച്ചയായും ഒരാൾ വളരുന്ന ചുറ്റുപാടും പാരമ്പര്യഘടകങ്ങളും ഏതു സംസ്കാരത്തിലാണ് വളരുന്നത് എന്നതും, ഒരാൾ കടന്നുപോകുന്ന പ്രത്യേകാനുഭവങ്ങളും വ്യക്തിത്വരൂപീകരണത്തെ സ്വാധീനിക്കുന്ന പ്രധാന ഘടകങ്ങളാണ്.

സംസ്കാരവും വ്യക്തിത്വവുമായുള്ള പരസ്പരബന്ധത്തിൽ നരവംശശാസ്ത്രജ്ഞരുടെ സംഭാവനകളെക്കുറിച്ച് നമുക്കിനി ചർച്ചചെയ്യാം.

അമേരിക്കൻ നരവംശശാസ്ത്രജ്ഞരായ റൂത്ത് ബെനഡിക്റ്റ്, മാർഗരറ്റ് മീഡ്, റാൽഫ് ലിന്റൺ, അബ്രാം കാർഡിനർ എന്നിവരാണ് മനോനരവംശശാസ്ത്രസിദ്ധാന്തങ്ങളുടെ വക്താക്കൾ. വ്യക്തിത്വവും സംസ്കാരവുമായുള്ള പരസ്പരബന്ധം പരിശോധിക്കാനായി ഇവർ മൂന്ന് സമീപനരീതികളാണ് കൈക്കൊണ്ടത്.

1. വ്യക്തിത്വം സംസ്കാരത്തെ രൂപീകരിക്കുന്നു.
2. സംസ്കാരം വ്യക്തിത്വരൂപീകരണത്തെ സ്വാധീനിക്കുന്നു.
3. സംസ്കാരവും വ്യക്തിത്വവും അവിഭാജ്യവും പരസ്പരം സ്വാധീനിക്കപ്പെടുന്നവയുമാണ്.

### വ്യക്തിത്വം സംസ്കാരത്തെ രൂപീകരിക്കുന്നു (Personality Builds Culture)

മാർഗരറ്റ് മീഡിന്റെ ഗുരുനാഥയും അമേരിക്കയിലെ ആദ്യ നരവംശശാസ്ത്രജ്ഞയുമായ റൂത്ത് ബെനഡിക്റ്റാണ് വ്യക്തിത്വം സംസ്കാരത്തെ സ്വാധീനിക്കുന്നതിനെക്കുറിച്ച് പഠനം നടത്തിയത്. ബെനഡിക്റ്റിന്റെ അഭിപ്രായത്തിൽ, വ്യക്തിത്വമാണ് സംസ്കാരത്തെ നിർണയിക്കുന്നത്. സംസ്കാരം സ്വയം രൂപപ്പെടുന്നതല്ല. വ്യക്തിത്വത്താൽ നിർണയിക്കപ്പെടുന്നതാണ്. വ്യത്യസ്ത തരത്തിലുള്ള ആവശ്യങ്ങൾ പൂർത്തീകരിക്കാനായി മനുഷ്യരാണ് സംസ്കാരം സൃഷ്ടിച്ചത്. ഒരു തലമുറയിൽനിന്ന് അടുത്ത തലമുറയിലേക്ക് സംസ്കാരം കൈമാറുന്നതിൽ വ്യക്തികൾ പ്രധാന പങ്കുവഹിക്കുന്നു. ഈ അർഥത്തിൽ സംസ്കാരം വ്യക്തിത്വത്തിന്റെ സംഭാവനയാണ്. ഇത് മനസ്സിലാക്കാനായി ബെനഡിക്റ്റ് ക്വാകിറ്റിൽ, ദോബു, പ്യൂബ്ലോ സൂനി എന്നീ സമൂഹങ്ങളെ പഠനവിധേയമാക്കി.

ബെനഡിക്റ്റിന്റെ അഭിപ്രായത്തിൽ, മനുഷ്യസമൂഹത്തിൽ രണ്ടു വിധത്തിലുള്ള

ജീനിയസ് (വ്യക്തിത്വം) ഉണ്ട്.

1. അപ്പോളോണിയൻ
2. ഡയണീഷ്യൻ

**അപ്പോളോണിയൻ** : ഗ്രീക്ക് ദേവനായ അപ്പോളോയിൽ നിന്നാണ് അപ്പോളോണിയൻ എന്ന വാക്കുണ്ടായത്. ഇത് സമാധാനത്തിന്റെ സൂര്യദേവനാണ്. സമാധാനം, അച്ചടക്കം, ദയ, മനുഷ്യത്വം എന്നിവയെ ഇത് പ്രതിനിധീകരിക്കുന്നു. അതായത് അപ്പോളോണിയൻ രീതിയിലുള്ള സംസ്കാരങ്ങളിൽ സമാധാനം, അച്ചടക്കം, ദയ എന്നിവ ദർശിക്കാനാവും. ന്യൂമെക്സിക്കോയിലെ പ്യൂബ്ലോ സമൂഹത്തെയാണ് അപ്പോളോണിയൻ സംസ്കാരത്തിന്റെ പ്രതിനിധിയായി ബെനഡിക്റ്റ് ചൂണ്ടിക്കാണിക്കുന്നത്.

**ഡയണീഷ്യൻ** : ഗ്രീക്ക് ദേവനായ ഡയണീഷ്യസിൽനിന്നാണ് ഡയണീഷ്യൻ എന്ന വാക്കുണ്ടായത്. ആഡംബരജീവിതത്തിന്റെയും മദ്യാസക്തിയുടെയും പ്രതീകമാണ് ഡയണീഷ്യൻ. ഡയണീഷ്യൻ സംസ്കാരത്തിൽ കാറ്റും കോളും പ്രകടമായ മാറ്റങ്ങളും കാണാനാകും. ഡയണീഷ്യൻ ജീനിയസ്സിന്റെ പ്രതിനിധികളായി അമേരിക്കയിലെ വടക്കുപടിഞ്ഞാറൻ തീരത്തെ ദോബു, ക്വാകിറ്റിൽ എന്നീ സംസ്കാരങ്ങളെയാണ് എടുത്തുകാട്ടുന്നത്.

മലിനേഷ്യയിലെ ദോബുസമൂഹം സാംസ്കാരിക പ്രത്യേകതകൾ കൊണ്ടും വികാരപ്രകടനങ്ങളിലും പ്യൂബ്ലോ സമൂഹത്തിൽനിന്നും നേർ വിപരീതസ്വഭാവമുള്ളവയാണ്. ഇടയ്ക്കിടെയുള്ള സംഘട്ടനങ്ങളും അക്രമങ്ങളും കിടമത്സരങ്ങളും ദോബുവിന്റെ പ്രത്യേകതകളാണ്. മറ്റുള്ളവരെ ഉപദ്രവിക്കാനായി അവർ ഇടയ്ക്കിടെ മന്ത്രവാദങ്ങൾ ചെയ്യാറുണ്ട്. ക്വാകിറ്റിൽ ജനത മതാചാരങ്ങളിൽ വിശ്വസിക്കുന്നില്ല. ഇവരുടെ സംസ്കാരത്തിൽ ധനമാണ് പദവിയും അന്തസ്സും നിർണയിക്കുന്നത്. ഏതു വിധേനയും ധനം സമ്പാദിക്കുന്നതിൽ തൽപ്പരരാണിവർ. അതില്ലാത്തവരെ സമൂഹം വിലമതിക്കുന്നില്ല.

ബെനഡിക്റ്റിന്റെ പഠനം സംസ്കാരത്തിൽ വ്യക്തിത്വത്തിനുള്ള സ്വാധീനമാണ് വ്യക്തമാക്കുന്നത്. വ്യക്തിത്വങ്ങളിലുള്ള വ്യത്യാസമാണ് സംസ്കാരങ്ങളിലെ വ്യത്യാസങ്ങൾക്ക് പ്രധാനകാരണമായി ബെനഡിക്റ്റ് ചൂണ്ടിക്കാണിക്കുന്നത്.

**സാംസ്കാരികവ്യവസ്ഥ (Culture Pattern)** : സാർവത്രിക സാംസ്കാരികരീതികളെ സൂചിപ്പിക്കാനായി നരവംശശാസ്ത്രജ്ഞർ ഉപയോഗിച്ചിരുന്ന ഈ ആശയം പാറ്റേൺസ് ഓഫ് കൾച്ചർ (1934) എന്ന തന്റെ പ്രസിദ്ധമായ പുസ്തകത്തിൽ ബനഡിക്റ്റ് വിപുലമാക്കുന്നു. വ്യക്തിഗത സംസ്കാരങ്ങൾക്ക് അനുയോജ്യമായ സാംസ്കാരിക മാതൃകകൾ (കൾച്ചർ പാറ്റേൺ) എടുത്തുകാട്ടാനാണ് ബെനഡിക്റ്റ് ശ്രമിക്കുന്നത്. സംസ്കാരഘടകങ്ങളും സംസ്കാരഘടകസഞ്ചയങ്ങളും പരസ്പരബന്ധിതമായും ഉദ്ഗ്രഥിതമായും കർമ്മനിരതമായ അവസ്ഥയിലെത്തുമ്പോഴാണ് ഒരു കൾച്ചർ പാറ്റേൺ രൂപംകൊള്ളുന്നത്. ഗാന്ധിസം, ആത്മീയത, കൂട്ടുകുടുംബവ്യവസ്ഥ, ജാതിവ്യവസ്ഥ, ഗ്രാമീണത തുടങ്ങിയവയാണ് ഇന്ത്യൻ സംസ്കാരത്തിന്റെ സാംസ്കാരികമാതൃകകളിൽ (കൾച്ചർ പാറ്റേൺ) ഉൾപ്പെടുന്നത്. ഇത്തരം ഓരോ സംസ്കാരഘടകസഞ്ചയങ്ങളിലുമുള്ള അനേകം സംസ്കാരഘടകങ്ങൾ കൂടിച്ചേർന്ന് പ്രവർത്തനനിരതമാകുമ്പോൾ ഇന്ത്യൻ സംസ്കാരത്തിന്റെ സാംസ്കാരികമാതൃകകൾ രൂപംകൊള്ളുന്നു.

## ദേശീയസ്വഭാവത്തെ കുറിച്ചുള്ള ബെനഡിക്റ്റിന്റെ പഠനം
## (Benedicts study on National Character)

രണ്ടാം ലോകയുദ്ധകാലഘട്ടത്തിൽ നരവംശശാസ്ത്രജ്ഞരെ മറ്റു സംസ്കാരങ്ങളിൽ മണ്ഡലവൃത്തി നിർവഹിക്കാൻ അനുവദിച്ചിരുന്നില്ല. അങ്ങനെയാണ് റൂത്ത് ബെനഡിക്റ്റ് ദേശീയസ്വഭാവപഠനങ്ങളിൽ (National Character Studics)ഏർപ്പെടുന്നത്. യു.എസ്. ഗവൺമെന്റിൽ സോഷ്യൽ സയൻസ് അനലിസ്റ്റായി ജോലിചെയ്യുകയായിരുന്നു ബെനഡിക്റ്റ്. വിദൂരസംസ്കാരങ്ങൾ പഠിക്കാനായി ഉള്ളടക്ക വിശകലന രീതി വികസിപ്പിച്ചത് ഈ കാലയളവിലാണ്. ഫീൽഡ് വർക്കിന്റെ അഭാവത്തിൽ ജപ്പാന്റെ ദേശീയ സ്വഭാവം പഠിക്കാനായി അമേരിക്കയിൽ തടവിൽ കഴിയുന്ന ജപ്പാൻ തടവുകാരെയാണ് റൂത്ത് ബെനഡിക്റ്റ് തിരഞ്ഞെടുത്തത്. ഇതിനായി അവർ ജാപ്പനീസ് ചരിത്രരേഖകളും വ്യത്യസ്ത കലാരൂപങ്ങളും വിശകലനംചെയ്തു. അദ്ദേഹം ജാപ്പനീസ് തടവുകാരുമായി അഭിമുഖം നടത്തുകയും ഡയറികൾ പരിശോധിക്കുകയും അവരുടെ ജീവചരിത്രം ശേഖരിക്കുകയും ജീവിതത്തെ കുറിച്ചുള്ള വിശദമായ അന്വേഷണം നടത്തുകയുമുണ്ടായി. യുഎസിലെത്തിയ ജാപ്പനീസ് കുടിയേറ്റക്കാരുമായി അവർ അഭിമുഖം നടത്തി. ബെനഡിക്റ്റിന്റെ ഈ പഠനം ക്രൈസാന്തമം ആന്റ് ദി സോർഡ് (1946) എന്ന പേരിൽ പ്രസിദ്ധീകരിച്ചു. ജപ്പാന്റെ ദേശീയസ്വഭാവമാണ് ഈ പുസ്തകം പഠനവിധേയമാക്കുന്നത്.

ജമന്തി (ക്രൈസാന്തമം) ജപ്പാന്റെ ദേശീയപുഷ്പമാണ്. ജപ്പാനിലെ കുട്ടികളുടെ സാമൂഹികവൽക്കരണ പ്രക്രിയയാണ് ഇത് പ്രതീകമാക്കുന്നത്. ക്രൈസാന്തമം പൂവുപോലെ വളരുന്ന കുട്ടികൾക്ക് ജപ്പാനിലെ രക്ഷിതാക്കൾ എല്ലാവിധ പരിചരണങ്ങളും നൽകിയിരുന്നു. എന്നാൽ കൗമാരകാലഘട്ടത്തിൽ അവർക്ക് കടുത്ത പരീക്ഷണങ്ങൾ നേരിടേണ്ടി വരുന്നു. തൽഫലമായി അവർ കൂടുതൽ അക്രമസ്വഭാവമുള്ളവരായിതീരുന്നു. അവരുടെ കഴുത്തിനു മീതെ എല്ലായ്പ്പോഴും ഒരു വാൾ തൂങ്ങിക്കിടക്കുന്നത് പോലെയാണിത്. റൂത്ത് ബെനഡിക്റ്റിന്റെ അഭിപ്രായത്തിൽ ജപ്പാന്റെ കുട്ടിക്കാല വ്യക്തിത്വം അപ്പോളോണിയൻ ജീനിയസ്സു പോലെയും കൗമാരത്തിലെ വ്യക്തിത്വം ഡയണീഷ്യൻ ജീനിയസ്സുപോലെയുമാണ്.

## സംസ്കാരം വ്യക്തിത്വരൂപീകരണത്തെ സ്വാധീനിക്കുന്നു
## (Culture Determines the Formation of Personality)

വ്യക്തിത്വരൂപീകരണത്തിൽ സംസ്കാരത്തിനുള്ള പങ്ക് മാർഗരറ്റ് മീഡ് തന്റെ പഠനത്തിലൂടെ വ്യക്തമാക്കുന്നു. അവരുടെ അഭിപ്രായത്തിൽ ഒരു വ്യക്തി വീട്, ഉപകരണങ്ങൾ, ഫർണിച്ചർ തുടങ്ങിയ ഭൗതികസംസ്കാരം മാത്രമല്ല ആർജിച്ചെടുക്കുന്നത്, മറിച്ച് ആചാരങ്ങൾ, മതം, പാരമ്പര്യം, വിശ്വാസങ്ങൾ, മൂല്യങ്ങൾ, ആശയങ്ങൾ തുടങ്ങിയ ഭൗതികേതര സംസ്കാരങ്ങളും ആർജിച്ചെടുക്കുന്നു. ഏതു രീതിയിലാണ് ഒരാൾ പെരുമാറേണ്ടതെന്ന് പഠിപ്പിക്കുന്നത് സംസ്കാരമാണ്. സംസ്കാരാർജനം (Enculturation), സ്വാംശീകരണം (Assimilation) എന്നീ പ്രക്രിയകളിലൂടെയാണ് അത് നേടിയെടുക്കുന്നത്. മുണ്ടുഗുമർ, അരാപേഷ്, ഷാംബുലി എന്നീ സമൂഹങ്ങളിൽ നടത്തിയ പഠനങ്ങളിലൂടെയാണ് വ്യക്തിത്വരൂപീകരണത്തിൽ സംസ്കാരത്തിന്റെ സ്വാധീനം മീഡ് വ്യക്തമാക്കുന്നത്. ഇവർ

ഒരേ മേഖലയിൽ താമസിക്കുന്നവരും എന്നാൽ സംസ്കാരത്തിലുള്ള വ്യത്യാസങ്ങൾ കാരണം വ്യത്യസ്തമായ വ്യക്തിത്വങ്ങളും സ്വഭാവങ്ങളുമുള്ളവരുമാണ്. ചുരുക്കത്തിൽ, ഒരാളുടെ വ്യക്തിത്വരൂപീകരണത്തിൽ സംസ്കാരം സ്വാധീനം ചെലുത്തുന്നു എന്ന് മീഡ് അഭിപ്രായപ്പെടുന്നു.

ഒരു മനോ-സാംസ്കാരിക പഠനമായ 'സെക്സ് ആന്റ് ടെമ്പറമെന്റ് ഇൻ പ്രിമിറ്റീവ് സൊസൈറ്റീസ്' (1935)എന്ന പുസ്തകത്തിൽ മാർഗരറ്റ് മീഡ് ഇത് വിശദമാക്കുന്നു. ന്യൂഗിനിയയിലെ മുണ്ടുഗുമർ, അരാപേഷ്, ഷാംബുലി എന്നീ സമൂഹങ്ങൾ ഒരേ മേഖലയിൽ വസിക്കുന്നവരാണ്. ഒരേ മേഖലയിലുള്ള സമൂഹങ്ങളിൽ സ്വഭാവരീതികളും വ്യക്തിത്വങ്ങളും മാറ്റത്തിനു വിധേയമാകുന്നതെന്തുകൊണ്ടെന്ന് അവർ പഠനവിധേയമാക്കി. സാംസ്കാരിക വൈവിധ്യങ്ങളാണ് ഒരേ സമൂഹത്തിലോ വ്യത്യസ്ത സമൂഹങ്ങളിലോ ഉള്ള സ്ത്രീകളുടെയും പുരുഷൻമാരുടെയും വ്യക്തിത്വ വൈവിധ്യങ്ങൾക്ക് കാരണമെന്ന് മീഡിന്റെ പഠനങ്ങൾ വെളിവാക്കുന്നു.

അരാപേഷ് സമൂഹത്തിലെ വ്യക്തിത്വങ്ങളിൽ സംഘട്ടനങ്ങളോ കിടമത്സരങ്ങളോ ഇല്ല. അവർ ദയ, സഹകരണമനോഭാവം എന്നിവയുള്ളവരും സമാധാനം കാംക്ഷിക്കുന്നവരുമാണ്. എന്നാൽ അരാപേഷ് സമൂഹത്തിൽനിന്നു വ്യത്യസ്തമാണ് മുണ്ടുഗുമർ സമൂഹത്തിന്റെ സ്വഭാവങ്ങൾ. സംശയം, അസൂയ, മത്സരം,




1901 ഡിസംബർ 16-ന് പെനിസിൽവാനിയയിലെ ഫിലാഡൽഫിയയിലാണ് മാർഗരറ്റ് മീഡ് ജനിച്ചത്. കൊളംബിയ യൂണിവേഴ്സിറ്റിയിലെ നരവംശശാസ്ത്രവിഭാഗത്തിൽ മീഡ് ഫ്രാൻസ് ബോസിന്റെ ശിഷ്യയായിരുന്നു. ഇവിടെയാണ് അവർ തന്റെ പി. എച്ച്. ഡി പഠനം പൂർത്തിയാക്കിയത്. യൗവനത്തിലുള്ള പെൺകുട്ടികളുടെ ജീവിതത്തെക്കുറിച്ച് പഠിക്കാനായി മീഡ് സമോവയിൽ ഫീൽഡ് വർക്ക് ചെയ്തിട്ടുണ്ട്. ഇവർ സമോവൻ ഭാഷ പഠിക്കുകയും സമോവൻ കുടുംബത്തിലെ പെൺകുട്ടിയെ പോലെ അവിടെ ജീവിക്കുകയും ചെയ്തു. അമേരിക്കൻ, യൂറോപ്യൻ യുവത്വങ്ങളിൽ കണ്ടുവരുന്ന മാനസികപിരിമുറുക്കം മീഡിന് സമോവൻ പെൺകുട്ടികളിൽ കണ്ടെത്താനായില്ല. സമോവൻ സംസ്കാരത്തിലെ സാമൂഹികസംഘാടനത്തിന്റെ പ്രത്യേകതകൾ കാരണം യൗവനത്തിൽനിന്നു കൂടുതൽ പക്വതയാർന്ന ഘട്ടത്തിലേക്കുള്ള മാറ്റം എളുപ്പമാകുന്നതായി മീഡ് കണ്ടെത്തുന്നു. പിന്നീട് അവർ അമേരിക്കയിലെ നാച്വറൽ ഹിസ്റ്ററി മ്യൂസിയത്തിൽ ക്യൂറേറ്റർ ആവുകയും അവിടെ വച്ച് 1928 ൽ തന്റെ കമിങ് ഓഫ് ഏജ് ഇൻ സമോവ. എന്ന പ്രസിദ്ധമായ പുസ്തകം പ്രസിദ്ധീകരിക്കുകയും ചെയ്തു. സൈക്യാട്രിയിലുള്ള അവരുടെ താൽപ്പര്യം സ്കിസോഫ്രീനിയ രോഗികളുടെ സാംസ്കാരികപശ്ചാത്തലത്തെ കുറിച്ച് പഠിക്കാൻ പ്രേരകമാവുകയും തുടർന്ന് ബാലിയിൽ ഫീൽഡ് വർക്ക് നടത്തുകയും ചെയ്തു. ഫോട്ടോഗ്രാഫിക് മെത്തേഡെന്ന പുതിയരീതിക്ക് തുടക്കം കുറിച്ചത് ഇവിടെയാണ്. വ്യക്തിത്വവികാസത്തിൽ സംസ്കാരത്തിന്റെ പ്രാധാന്യം ഊന്നിപറഞ്ഞുകൊണ്ട് മനോവിശ്ലേഷണ സിദ്ധാന്തത്തിൽ മീഡ് സാരമായ സംഭാവനകൾ നൽകി. ദേശീയസ്വഭാവപഠനങ്ങളിലും മീഡ് തന്റേതായ സംഭാവനകൾ നൽകിയിട്ടുണ്ട്. മീഡ് പിന്നീട് പ്രസിദ്ധീകരിച്ച കൃതികളാണ് ഗ്രോയിങ് അപ്പ് ഇൻ ന്യൂ ഗിനിയ (1930). മെയിൽ ആന്റ് ഫീമെയിൽ (1949), ഗ്രോത്ത് ആന്റ് കൾച്ചർ (1951) എന്നിവ. മീഡിന് നരവംശശാസ്ത്രം മനുഷ്യസ്വഭാവങ്ങളുടെ പുതിയ തലങ്ങൾ കണ്ടെത്താനുള്ള വഴിയായിരുന്നു. 1978-ൽ മാർഗരറ്റ് മീഡ് മരിക്കുമ്പോൾ അവർ ലോകപ്രശസ്തയായ നരവംശശാസ്ത്രജ്ഞയായിരുന്നു.

കലഹം എന്നിവ അവരുടെ പ്രത്യേകതകളാണ്. സ്ത്രീയും പുരുഷനും ഒരുപോലെ അക്രമോത്സുകരാണ്. ഈ കാരണങ്ങൾ കൊണ്ടു തന്നെ മുണ്ടുഗുമർ സമൂഹത്തിലെ വ്യക്തിത്വരൂപീകരണത്തിൽ അക്രമോത്സുകത പ്രബലമായ പങ്കുവഹിക്കുന്നു. ഭാര്യമാരുടെ എണ്ണമനുസരിച്ചാണ് ഒരു പുരുഷന്റെ പദവി നിർണയിക്കുന്നത്. കൂടുതൽ ഭാര്യമാരുള്ളവർക്ക് സമൂഹത്തിൽ ഉയർന്ന പദവി ലഭിക്കുന്നു. ഈ ഭാര്യമാർ കുടുംബത്തിന്റെ സമാധാനാന്തരീക്ഷം തകർക്കുകയും ചെയ്യുന്നു. പുതിയൊരു ഭാര്യയെ ലഭിക്കാനായി മകളെ പകരമായി കൈമാറ്റം ചെയ്യുന്ന രീതിയും ഇവിടെ നിലവിലുണ്ട്. ഇത് അച്ഛനും മകനും തമ്മിൽ വഴക്കുണ്ടാവുന്നതിന് കാരണമാവുന്നു. അച്ഛനും മകനും കൈമാറ്റരീതിയിലൂടെ വിവാഹം ചെയ്യാനാഗ്രഹിക്കുന്നതാണ് കാരണം. പുതിയൊരു ഭാര്യയെ ലഭിക്കാനായി മകളെ കൈമാറ്റം ചെയ്യാൻ അമ്മയും ഇഷ്ടപ്പെടുന്നില്ല. അതായത് മുണ്ടുഗുമർ സമൂഹത്തിൽ അംഗങ്ങൾക്കിടയിൽ സ്ഥിരമായി കലഹം, മത്സരം, സംഘട്ടനം എന്നിവ കണ്ടുവരുന്നു.

ന്യൂഗിനിയയിൽ മാർഗരറ്റ് മീഡ് പഠനം നടത്തിയ മറ്റൊരു സമൂഹമാണ് ഷാംബുലി. ഇവിടെ പുരുഷന്മാർ വിധേയത്വസ്വഭാവമുള്ളവരും സ്ത്രീകൾ അക്രമ സ്വാഭാവമുള്ളവരുമാണ്. സ്ത്രീകൾക്ക് സ്വന്തം ഭർത്താവിനെ തിരഞ്ഞെടുക്കാനുള്ള സ്വാതന്ത്ര്യമുണ്ട്. അവരെ ആശ്രയിച്ചാണ് പുരുഷന്മാർ ജീവിക്കുന്നത്. പാചകം, വീടുവൃത്തിയാക്കൽ, കുട്ടികളെ പരിചരിക്കൽ തുടങ്ങിയവ പുരുഷൻമാരുടെ ഉത്തരവാദിത്തമാണ്. ഈ കാരണങ്ങളാൽ ഷാംബുലിസമൂഹത്തിൽ പുരുഷന്മാർ ദയാലുക്കളും സമാധാനകാംക്ഷികളും അനുസരണയുള്ള വ്യക്തിത്വമുള്ളവരുമാണ്. എന്നാൽ സ്ത്രീകൾ കൂടുതൽ അക്രമോത്സുകരാണ്. ഇത്തരത്തിൽ അടുത്തടുത്ത മേഖലയിലെ മൂന്ന് സംസ്കാരങ്ങളുടെ താരതമ്യപഠനത്തിലൂടെ വ്യക്തിത്വരൂപീകരണത്തിൽ സംസ്കാരത്തിന്റെ സ്വാധീനം മാർഗരറ്റ് മീഡ് വ്യക്തമാക്കുന്നു.

### ദേശീയസ്വഭാവപഠനത്തിൽ മീഡിന്റെ സംഭാവനകൾ
### (Mead's contribution to the study of National Character)

പൊതുവായ പാരമ്പര്യം, താൽപ്പര്യങ്ങൾ, വികാരങ്ങൾ എന്നിവ ഉൾക്കൊള്ളുന്ന ഒരു കൂട്ടം ജനങ്ങൾ താമസിക്കുന്ന ഒരു പ്രത്യേക മേഖലയാണ് ഒരു രാജ്യമെന്ന് നിർവചിക്കാം. ഒരു ദേശത്തിന്റെ കൂട്ടായ പാരമ്പര്യം, താൽപ്പര്യങ്ങൾ, ആശയങ്ങൾ എന്നിവ ഉൾക്കൊള്ളുന്നതാണ് ദേശീയസ്വഭാവം. ഭൂമിശാസ്ത്രപരവും ഭാഷാപരവും സാമുദായികവും വർഗപരവും രാഷ്ട്രീയവുമായ ഐക്യം ഇതിൽ ഉൾപ്പെടുന്നു. ഒരു രാജ്യത്തെ ജനങ്ങൾ സ്വായത്തമാക്കിയ പൊതുവായ സ്വഭാവഗുണങ്ങളെ ദേശീയസ്വഭാവം എന്നു പറയാം. ദേശീയസ്വഭാവ പഠനങ്ങൾക്കായി മീഡ് സിനിമ വിശകലനം ചെയ്യുകയും പത്രങ്ങൾ, എഴുത്തുകൾ, ഡയറികൾ തുടങ്ങിയ മറ്റു പ്രമാണങ്ങൾ സൂക്ഷ്മപരിശോധനയ്ക്ക് വിധേയമാക്കുകയും ചെയ്തു. ഇതിനു പുറമേ കുടിയേറ്റക്കാരായി എത്തിയവരുമായി അഭിമുഖം നടത്തുകയും അവരുടെ ജീവചരിത്രങ്ങൾ ശേഖരിക്കുകയും മനശ്ശാസ്ത്രപരീക്ഷകൾ നടത്തുകയും ചെയ്തു. ഈ പഠനങ്ങളുടെ അടിസ്ഥാനത്തിൽ സ്റ്റഡി ഓഫ് കൾച്ചർ അറ്റ് എ ഡിസ്റ്റൻസ് (1953) എന്ന പുസ്തകം മീഡ് എഡിറ്റ് ചെയ്ത് പ്രസിദ്ധീകരിച്ചു. നേരിട്ടുള്ള നിരീക്ഷണത്തിലൂടെയല്ലാതെ ദേശീയസ്വഭാവപഠനങ്ങൾ നടത്താനുള്ള രീതിശാസ്ത്രമാണ് ഇതിൽ ഉൾപ്പെടുന്നത്.

മീഡ് പ്രസിദ്ധീകരിച്ച മറ്റൊരു പുസ്തകമാണ് 'ആന്റ് കീപ്പ് യുവർ പൗഡർ ഡ്രൈ' (1942). അമേരിക്കയിലെ ദേശീയസ്വഭാവപഠനമാണ് ഇതിൽ ഉൾപ്പെടുന്നത്. ജപ്പാൻ, റഷ്യ തുടങ്ങിയ മറ്റേതൊരു രാജ്യങ്ങളിലെയും പോലെ അമേരിക്കയിലെ കുട്ടികളുടെ വ്യക്തിത്വങ്ങളിലും വ്യത്യാസങ്ങളൊന്നും മീഡിന് കണ്ടെത്താനായില്ല. കുടുംബത്തിൽ നിന്നും സ്കൂളിൽനിന്നും വിദ്യാഭ്യാസം ലഭിക്കുന്നതോടുകൂടി ക്രമേണ അവരുടെ വ്യക്തിത്വങ്ങളിലും മാറ്റങ്ങൾ സംഭവിക്കുന്നു. ഇത്തരത്തിൽ അവരുടെ സംസ്കാരത്തിലും വ്യക്തിത്വത്തിലും ദേശീയസ്വഭാവം പ്രതിഫലിക്കുന്നു.

### സംസ്കാരവും വ്യക്തിത്വവും അവിഭാജ്യവും പരസ്പരം സ്വാധീനിക്കുന്നവയുമാണ് (Culture and Personality are inseperable and influence each other)

റാൽഫ് ലിന്റൺ, അബ്രാം കാർഡിനർ തുടങ്ങിയ പണ്ഡിതർ വിശ്വസിക്കുന്നത് സംസ്കാരവും വ്യക്തിത്വവും പരസ്പരം സ്വാധീനിക്കുന്നു എന്നാണ്. അവ പരസ്പരം ബന്ധിതവും പരസ്പരാശ്രിതവും അവിഭാജ്യവുമാണ്.

### സംഗ്രഹം

- ഗ്രീക്ക് തത്ത്വചിന്തകരായ ഹെറഡോട്ടസ്, അരിസ്റ്റോട്ടിൽ തുടങ്ങിയവരുടെ കാലഘട്ടത്തിലാണ് നരവംശശാസ്ത്രചിന്തകളുടെ ഉൽഭവം. എന്നാൽ 19-ാം നൂറ്റാണ്ടിലെ ജൈവസാംസ്കാരിക പരിണാമസിദ്ധാന്തങ്ങളോടുകൂടിയാണ് അതൊരു വിജ്ഞാന ശാഖയായി വളർന്നുവന്നത്. ഇതുമായി ബന്ധപ്പെട്ട് ചാൾസ് ഡാർവിൻ, ഇ.ബി. ടെയ്‌ലർ, എൽ.എച്ച്. മോർഗൺ എന്നിവരുടെ സംഭാവനകൾ വിലപ്പെട്ടതാണ്. പിന്നീട് ഫ്രാൻസ് ബോസ്, ഡബ്ല്യു.എച്ച്.ആർ. റിവേഴ്സ്, മലിനോവ്സ്കി, റാഡ്ക്ലിഫ് ബ്രൗൺ, ലെവി സ്ട്രോസ്സ്, റൂത്ത് ബെനഡിക്റ്റ്, മാർഗരറ്റ് മീഡ് തുടങ്ങി മറ്റു പല പ്രമുഖരും മനുഷ്യസംസ്കാരത്തെയും സമൂഹത്തെയും മനസ്സിലാക്കുന്നതിൽ വിലപ്പെട്ട സംഭാവനകൾ നൽകി.
- മനുഷ്യസംസ്കാരത്തിന്റെയോ സാമൂഹിക-സാംസ്കാരികസ്ഥാപനങ്ങളുടെയോ വ്യത്യസ്തവും തുടർച്ചയുമായ രൂപങ്ങൾ വ്യത്യസ്ത കാലഘട്ടങ്ങളിലൂടെ രൂപം കൊള്ളുന്ന പ്രക്രിയയായി സാംസ്കാരികപരിണാമത്തെ നിർവചിക്കാം.
- ക്ലാസിക്കൽ പരിണാമവാദികളെന്നും നവപരിണാമവാദികളെന്നും പരിണാമവാദികളെ രണ്ടായി വർഗീകരിച്ചിരിക്കുന്നു. ക്ലാസിക്കൽ പരിണാമവാദത്തിന്റെ പ്രധാന വക്താക്കളാണ് ഇ.ബി. ടെയ്‌ലർ, ജെയിംസ് ഫ്രേസർ, ആർ.ആർ. മാററ്റ്, എൽ.എച്ച്. മോർഗൺ, ജെ.ജെ. ബക്കോഫൻ, അഡോൾഫ് ബാസ്റ്റിയൻ എന്നിവർ. ഇവർ ഏകരേഖീയ പരിണാമവാദികൾ എന്നറിയപ്പെടുന്നു.
- സംസ്കാരം വികസിച്ചത് ഏകരേഖീയരീതിയിലല്ലെന്നും അനുവൃത്തവക്രരീതിയിൽ ആണെന്നും നവീനപരിണാമവാദികൾ വാദിക്കുന്നു. ഇതു പ്രകാരം ആദ്യഘട്ടത്തിൽ ഒരു നിശ്ചിത രൂപത്തിൽ സാമൂഹികസ്ഥാപനം ഉടലെടുക്കുന്നു. അടുത്ത ഘട്ടത്തിൽ തീർത്തും വ്യത്യസ്തമായ രൂപത്തിലേക്ക് ഇത് വഴിമാറുന്നു. വീണ്ടുമത് യഥാർഥ രൂപത്തിന്റെ പരിഷ്കൃതരൂപത്തിലേക്ക് രൂപാന്തരം പ്രാപിക്കുന്നു. ബ്രിട്ടനിലെ

ഗോർഡൻ ചൈൽഡ്, അമേരിക്കയിലെ ജൂലിയൻ സ്റ്റിവാർഡ്, ലെസ്ലി എ. വൈറ്റ് എന്നിവർ നവീനപരിണാമസിദ്ധാന്തത്തിൽ പ്രമുഖസ്ഥാനമുള്ളവരാണ്.

- ഒരു പ്രദേശത്തോ സമൂഹത്തിലോ കണ്ടുപിടിച്ച സംസ്കാരഘടകങ്ങൾ നേരിട്ടോ അല്ലാതെയോ മറ്റു പ്രദേശങ്ങളിലേക്കോ സമൂഹങ്ങളിലേക്കോ വ്യാപിക്കുന്ന പ്രക്രിയയാണ് സംസ്കാരവ്യാപനം. സംസ്കാരവ്യാപന ചിന്താസരണിയെ ബ്രിട്ടീഷ്, ജർമൻ, അമേരിക്കൻ എന്നിങ്ങനെ മൂന്നായി തരംതിരിച്ചിരിക്കുന്നു. ബ്രിട്ടീഷ് സംസ്കാരവ്യാപനവാദികളുടെ അഭിപ്രായത്തിൽ ഈജിപ്താണ് സംസ്കാരത്തിന്റെ കേന്ദ്രം. സംസ്കാരഘടകങ്ങൾ അവിടെനിന്നു ലോകത്തിന്റെ മറ്റു ഭാഗങ്ങളിലേക്ക് വ്യാപിക്കുകയാണ് ചെയ്തത്. ജർമൻ വ്യാപനവാദികളുടെ അഭിപ്രായത്തിൽ വിവിധ സ്ഥലങ്ങളിൽ സർക്കിളുകൾ അഥവാ ഡിസ്ട്രിക്ടുകൾ രൂപപ്പെടുകയും അവ പിന്നീട് കുടിയേറ്റം വഴി ലോകത്തിന്റെ വിവിധ ഭാഗങ്ങളിലേക്ക് വ്യാപിക്കുകയും ചെയ്യുന്നു. അമേരിക്കൻ വ്യാപനവാദത്തിലെ പ്രധാന ആശയമാണ് കൾച്ചർ ഏരിയ.
- 20-ാം നൂറ്റാണ്ടിന്റെ തുടക്കത്തിൽ മലിനോവ്സ്കിയും റാഡ് ക്ലിഫ് ബ്രൗണും സംസ്കാരവിശകലനത്തിന് മറ്റൊരു സമീപനരീതി മുന്നോട്ട് വയ്ക്കുകയുണ്ടായി. മലിനോവസ്കി ധർമ്മവാദവും റാഡ്ക്ലിഫ് ബ്രൗൺ ഘടനാധർമ്മവാദവും അവതരിപ്പിച്ചു. മലിനോവസ്കിയുടെ അഭിപ്രായത്തിൽ സംസ്കാരം മനുഷ്യന്റെ ആവശ്യങ്ങൾ പൂർത്തീകരിക്കാനുള്ള ഒരുപകരണമാണ്.
- റാഡ്ക്ലിഫ് ബ്രൗണിന്റെ അഭിപ്രായത്തിൽ ഘടന എന്നത് വ്യത്യസ്ത ഘടകങ്ങളെ പരസ്പരബന്ധിതമായി ക്രമീകരിച്ചിരിക്കുന്ന അവസ്ഥയാണ്. സാമൂഹികഘടനയിലെ ആത്യന്തികഘടകം വ്യക്തികൾ അഥവാ മനുഷ്യർ ആണ്. വ്യക്തികളുടെ പരസ്പരബന്ധിതമായ ക്രമീകരണമാണ് സാമൂഹികഘടന. സമൂഹത്തിൽ വ്യക്തികളെ വ്യത്യസ്ത സാമൂഹികയൂണിറ്റുകളായും സ്ഥാപനങ്ങളായും രൂപപ്പെടുത്തിയിരിക്കുന്നു. ഈ യൂണിറ്റുകളും സ്ഥാപനങ്ങളും അവയുടെ പ്രത്യേക ധർമ്മങ്ങൾ നിർവഹിക്കുന്നു. സാമൂഹികഘടന നിലനിൽക്കുന്നതിന് അവ പരസ്പരബന്ധിതമായും പരസ്പരാശ്രിതത്തോയെയും പ്രവർത്തിക്കുന്നു.
- വ്യത്യസ്ത ഘടകങ്ങളുടെ ക്രമീകൃതമായ അവസ്ഥയാണ് ഘടന എന്ന ബ്രൗണിന്റെ വാദത്തെ ലെവിസ്ട്രോസ് അനുകൂലിക്കുന്നു. എന്നാൽ സാമൂഹികയാഥാർഥ്യത്തിന്റെ യഥാർഥതലമാണ് അത് എന്ന് ബ്രൗണിന്റെ വാദത്തെ അദ്ദേഹം നിരാകരിക്കുന്നു. സാമൂഹികഘടനയെ വെറും സാമൂഹികബന്ധങ്ങളാക്കി പരിമിതപ്പെടുത്താനാകില്ല.
- 1920-കളിൽ ഒരുകൂട്ടം നരവംശശാസ്ത്രജ്ഞർ സാംസ്കാരികരീതികളും സമുദായങ്ങളിലെ വ്യക്തിഗതമനോനിലയും വിശകലനത്തിന് വിധേയമാക്കുകയുണ്ടായി. തൽഫലമായി അമേരിക്കൻ നരവംശശാസ്ത്രത്തിൽ പുതിയൊരു ചിന്താസരണി രൂപംകൊണ്ടു. ഇത് മനോനരവംശശാസ്ത്രം എന്നറിയപ്പെടുന്നു. അവർ സംസ്കാരവും വ്യക്തിത്വവും തമ്മിലുള്ള പരസ്പരബന്ധത്തെ പഠനവിധേയമാക്കി. മാർഗരറ്റ് മീഡിന്റെ അഭിപ്രായത്തിൽ, സംസ്കാരം വ്യക്തിത്വരൂപീകരണത്തിന് കാരണമാകുന്നു. എന്നാൽ റൂത്ത് ബെനഡിക്റ്റ് പറയുന്നത് വ്യക്തിത്വമാണ് സംസ്കാരത്തെ രൂപപ്പെടുത്തുന്നത് എന്നാണ്. റാൽഫ് ലിന്റൺ തുടങ്ങിയ മറ്റു ചിലരുടെ കാഴ്ചപ്പാടിൽ

സംസ്കാരവും വ്യക്തിത്വവും അവിഭാജ്യവും അവ പരസ്പരം സ്വാധീനിക്കപ്പെടുന്ന വയുമാണ്.

## ടേം മൂല്യനിർണയ ഉപാധികൾ

1. പൂരിപ്പിക്കുക
   (a) ഇന്ത്യൻ, ബാബിലോണിയൻ, മായൻ സംസ്കാരങ്ങളിൽ ഒരേസമയം പൂജ്യം കണ്ടെത്തിയത് .............. എന്ന ആശയത്തിന് ഉദാഹരണമാണ്.
   (b) കാട്ടാളത്തം, അപരിഷ്കൃതത്വം, നാഗരികത എന്നീ ഘട്ടങ്ങളിലൂടെയാണ് മനുഷ്യസംസ്കാരം വികാസം പ്രാപിച്ചത് എന്നത്.............ലെ ആശയമാണ്.
2. ഒറ്റയായവ കണ്ടെത്തി ഉത്തരം സാധൂകരിക്കുക.
   (a) ഇ.ബി. ടെയ്‌ലർ, എൽ.എച്ച്. മോർഗൻ, ജെ.ജെ. ബക്കോഫെൺ, എ.എൽ. ക്രോബർ
   (b) ഫ്രാൻസ് ബോസ്, ഡബ്ല്യു.എച്ച്.ആർ. റിവേഴ്സ്, ജൂലിയൻ സ്റ്റിവാർഡ്, ഏലിയട്ട് സ്മിത്ത്
   (c) ആവശ്യസിദ്ധാന്തം. ചാർട്ടർ, കുലകൈമാറ്റരീതി, സാമൂഹികഘടന
   (d) മാർഗരറ്റ് മീഡ്, വി ഗോർഡൻ ചൈൽഡ്, റൂത്ത് ബെനഡിക്റ്റ്, അബ്രാം കാർഡിനർ
3. വ്യത്യാസങ്ങളെഴുതുക.
   (a) പൊതുവായ സാമൂഹികഘടനയും യഥാർഥ സാമൂഹികഘടനയും
   (b) ക്ലാസിക്കൽ പരിണാമവാദവും നവപരിണാമവാദവും
4. എല്ലാ സംസ്കാരഘടകങ്ങളും ഈജിപ്തിൽ മാത്രം രൂപപ്പെടുകയും പിന്നീട് അവ ലോകത്തിന്റെ മറ്റു ഭാഗങ്ങളിലേക്ക് വ്യാപിക്കുകയും ചെയ്തു. ഈ ചിന്താസരണി ഏതെന്ന് കണ്ടെത്തി അതിനെക്കുറിച്ച് ഒരു ലഘുവിവരണം തയാറാക്കുക.
5. കോളം എ ബി സി എന്നിവ ഉചിതമായ രീതിയിൽ യോജിപ്പിക്കുക.

| എ | ബി | സി |
|---|---|---|
| ഫ്രാൻസ് ബോസ് | പരിണാമവാദം | ട്രോബ്രിയന്റ് ഐലന്റേഴ്സ് |
| ഇ.ബി. ടെയ്‌ലർ | ധർമ്മവാദം | കൾച്ചർ ഏരിയ |
| മലിനോവ്സ്കി | വ്യാപനവാദം | കമിങ് ഓഫ് ഏജ് ഇൻ സമോവ |
| മാർഗരറ്റ് മീഡ് | ഘടനാവാദം | ആന്റമാൻ ഐലന്റേഴ്സ് |
| റാഡ്ക്ലിഫ് ബ്രൗൺ | സംസ്കാരവും വ്യക്തിത്വവും | പ്രിമിറ്റീവ് കൾച്ചർ |

6. സാംസ്കാരിക പരിണാമവാദത്തിന്റെ വ്യത്യസ്ത ചിന്താസരണികൾ കാണിക്കുന്ന ചാർട്ട് വരച്ച് ഏതെങ്കിലും ഒന്നിനെ കുറിച്ച് വിശദമാക്കുക.
7. മലിനോവ്സ്കിയുടെ ആവശ്യസിദ്ധാന്തം വിശദമാക്കുക.
8. ലഘുവിവരണം എഴുതുക.
   - ധർമ്മവാദം
   - ഘടനാവാദം
   - സംസ്കാരവും വ്യക്തിത്വവും
   - സാംസ്കാരിക വ്യാപനവാദം

9. ഇന്ത്യയിലും ബാബിലോണിയയിലും ഒരേസമയം പൂജ്യം കണ്ടുപിടിച്ചു. ഇതുമായി ബന്ധപ്പെട്ട ചിന്താസരണി ഏതെന്ന് കണ്ടെത്തി വിശദീകരിക്കുക.
10. മനോനരവംശശാസ്ത്രത്തെക്കുറിച്ച് ലഘുവിവരണം തയാറാക്കുക.

## സാങ്കേതികപദങ്ങൾ

| | |
|---|---|
| സംസ്കാരം | തീർത്തും മാനുഷികമായതും പഠനം, പാരമ്പര്യം, ആചാരങ്ങൾ എന്നിവയിലൂടെ കൈമാറ്റം ചെയ്യപ്പെടുന്നതും സ്വഭാവത്തെയും വിശ്വാസങ്ങളെയും നിയന്ത്രിക്കുന്നതുമായ ഘടകം. |
| സംസ്കാരവും വ്യക്തിത്വവും | വ്യത്യസ്ത സംസ്കാരങ്ങളിലെ മനശ്ശാസ്ത്രപരമായ പ്രത്യേകതകളും വ്യക്തിത്വസവിശേഷതകളും പഠനവിധേയമാക്കുന്ന സാംസ്കാരികനരവംശശാസ്ത്രത്തിന്റെ ഉപശാഖ. |
| സാംസ്കാരികാപേക്ഷികതാവാദം | വ്യത്യസ്ത സംസ്കാരങ്ങളിലെ മൂല്യങ്ങളും മാനദണ്ഡങ്ങളും വ്യത്യസ്തമാണെന്ന നിലപാട്. സംസ്കാരത്തെ വിലയിരുത്തേണ്ടത് അതിന്റെ സ്വന്തം മാനദണ്ഡങ്ങളുടെ അടിസ്ഥാനത്തിലാകണമെന്ന് സാംസ്കാരിക ആപേക്ഷികതാവാദം ഊന്നിപ്പറയുന്നു. |
| സംസ്കാരവ്യാപനം | ഒരു പ്രദേശത്തോ സമൂഹത്തിലോ കണ്ടുപിടിച്ച സംസ്കാര ഘടകങ്ങൾ നേരിട്ടോ അല്ലാതെയോ മറ്റു പ്രദേശങ്ങളിലേക്കോ സമൂഹങ്ങളിലേക്കോ വ്യാപിക്കുന്ന പ്രക്രിയ. |
| സ്വസംസ്കാര കേന്ദ്രിതത്വം | സ്വന്തം സംസ്കാരംമാത്രമാണ് ശ്രേഷ്ഠമെന്നു കരുതുകയും മറ്റു സംസ്കാരങ്ങ ളിലെ ജനങ്ങളുടെ സ്വഭാവങ്ങളും വിശ്വാസങ്ങളും സ്വന്തം സംസ്കാരത്തിലെ മാനദണ്ഡങ്ങളുപയോഗിച്ച് വിലയിരുത്തുക യും ചെയ്യുന്ന പ്രവണത. |
| മനുഷ്യമനസ്സിന്റെ ഒത്തൊരുമ | സമാനമായ ചുറ്റുപാടുകളിൽ ഒരേ രീതിയിൽ ചിന്തിക്കാനും പ്രവർത്തിക്കാനുമുള്ള മനുഷ്യമനസ്സിന്റെ കഴിവ്. |

## റഫറൻസ്


ജാ, മക്കൻ. 1994.ആൻ ഇൻട്രൊഡക്ഷൻ ടു ആന്ത്രോപോളജിക്കൽ തോട്ട്. ന്യൂഡൽഡി: വികാസ് പബ്ലിഷേഴ്സ്.

റോയി, ഇന്ദ്രാണി ബസു. 2003. ആന്ത്രോപോളജി- ദി സ്റ്റഡി ഓഫ് മാൻ. ന്യൂഡൽഹി: എസ് ചന്ദ് &കോ.

ഉപാദ്യസ്, വി.എസ് ആന്റ് ഗയ പാണ്ഡേ. 1993. ഹിസ്റ്ററി ഓഫ് ആന്ത്രോപോളജിക്കൽ തോട്ട്, ന്യൂഡൽഹി: കൺസെപ്റ്റ് പബ്ലിഷിങ് കമ്പനി.